# വഖ്ഫെജദീദിന്റെ
# 58–ാം വർഷാരംഭത്തിന്റെ
## അനുഗൃഹീത വിളംബരം



## ജുമുഅ ഖുത്ബ

### ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്
### ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്[അയ്യദഹു]

നിളാമത്തെ മാൽ വഖ്ഫെ ജദീദ് ഖാദിയാൻ

# വഖ്ഫെജദീദിന്റെ
# 58-ാം വർഷാരംഭത്തിന്റെ
# അനുഗൃഹീത വിളംബരം

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്**

**ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്**

**അയ്യദഹുല്ലാഹു തആല ബി നസ്രിഹിൽ അസീസ്**

**വിവർത്തനം**

**മുഹമ്മദ്  ഇസ്മാഈൽ ആലപ്പുഴ**

*നിളാമത്തെ മാൽ വഖ്ഫെ ജദീദ് ഖാദിയാൻ*

Waqfe Jadeedinte 58-Aam Varsharambhathinte
Anugruheetha Vilambaram

(Orginal)Waqfe Jadeed key58 vie saal ka Babarkat Ia'laan
(Friday Sermon in Urdu)
**Deliverd By Hadhrath Mirza Masroor Ahmad** [atba].

Malayalam Translation: Mohammed Ismail Alleppey

Type Setting: BRB Kannur

Layout: Shameem

Printed at: Fazle Umar Printing Press Qadian

Published by: Nizamat Mal Waqfe Jadeed Qadian

Copies : 2000/October 2015

## വഖ്ഫെജദീദ് മറ്റു ചന്ദകളെ ശക്തമാക്കുന്നതിനുള്ള മാർഗം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹു ല്ലാഹുത്തആല ബിനസ്റിഹിൽ അസീസ് പറയുന്നു:

"ഇത് വഖ്ഫെജദീദിന്റെ ചന്ദയാണ്. ഇത്ര തുക നിർബന്ധ മായും കൊടുത്തിരിക്കണമെന്ന നിബന്ധനയൊന്നും ഇതി ലില്ല. ദരിദ്രരിൽ ദരിദ്രനും തന്റെ കഴിവനുസരിച്ച് പങ്കെടുക്കാ വുന്നതാണ്. ധനത്യാഗം ചെയ്യുമ്പോൾ പിന്നീട് ദുആകളും ലഭിക്കുന്നവരായിരിക്കും. മലക്കുകളുടെ ദുആകളും ലഭിക്കു ന്നവരായിരിക്കും. അല്ലാഹുവിന്റെ തൃപ്തിയും കരസ്ഥമാക്കു ന്നവരായിരിക്കും..... നവഅഹ്മദികൾക്ക് തുടക്കം മുതലേ ശീലമുണ്ടാക്കേണ്ടതാണ്. അവർ സ്വയം ഇപ്രകാരം ശീലമു ണ്ടാക്കുകയാണെങ്കിൽ, അല്പം ത്യാഗം നല്കി വഖ്ഫെജദീ ദിൽ ചേരുകയാണെങ്കിൽ പിന്നീട് ഈ ശീലം വർദ്ധിച്ചുകൊ ണ്ടുപോകുന്നതാണ്. ധനത്യാഗങ്ങൾ ചെയ്യാനുള്ള കഴിവും വർദ്ധിച്ചുകൊണ്ടുപോകുന്നതായിരിക്കും. വഖ്ഫെ ജദീദ് പദ്ധതിക്ക് തുടക്കം കുറിച്ച ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരവസരത്തിൽ പറഞ്ഞിരുന്നു: "വഖ്ഫെ ജദീദ് പദ്ധതി എത്ര മാത്രം ശക്തമാകുന്നുവോ അത്രത്തോളം അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെയും തഹ്രീക്കെ ജദീദിന്റെയും ചന്ദകളിൽ വർദ്ധനവുണ്ടാകുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്.''

(ഖുത്ബ ജുമുഅ 6-01-2006, ഖുത്ബാത്തെ വഖ്ഫെജദീദ്, പേജ് 575)

# 58–ാം വർഷാരംഭത്തിന്റെ
# അനുഗൃഹീത വിളംബരം

കഴിഞ്ഞവർഷം ജമാഅത്തിന് വഖ്ഫെ ജദീദിൽ അറുപത്തിരണ്ടു ലക്ഷത്തി ഒമ്പ തിനായിരം പൗണ്ടിന്റെ ത്യാഗം ചെയ്യാൻ ഭാഗ്യം കിട്ടി.

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നടന്ന ധനത്യാഗത്തിന്റെ ഈമാൻ ദൃഢീക രിക്കുന്ന സംഭവങ്ങളുടെ ഹൃദയഹാരിയായ ചർച്ച

വഖ്ഫെജദീദിൽ ധനം ത്യാഗം ചെയ്യുന്നതിൽ ഇന്ത്യ ആറാം സ്ഥാനത്ത്

വിവിധ രാജ്യങ്ങളിലേയും ചില വലിയ ജമാഅത്തുകളുടേയും വഖ്ഫെജദീദിനു ചെയ്ത ധനത്യാഗത്തിന്റെ പരിശോധന

**ചന്ദ അടച്ചതിന്റെ അടിസ്ഥാനത്തിൽ**
**ഇന്ത്യയിലെ മുന്നിൽ നില്ക്കുന്ന പത്ത് സംസ്ഥാനങ്ങൾ**

1. കേരള 2. ജമ്മു & കാശ്മീർ 3. തമിഴ്നാട് 4. ആന്ധ്രാപ്രദേശ്
5. പശ്ചിമബംഗാൾ 6. ഒഡീഷ 7. കർണാടക 8. പഞ്ചാബ്
9. ഉത്തരപ്രദേശ് 10. മഹാരാഷ്ട്ര.

അവസാനമുള്ള മൂന്ന് സംസ്ഥാനങ്ങൾ ബീഹാർ, ലക്ഷദ്വീപ്, രാജസ്ഥാൻ

**ചന്ദ അടച്ചതിന്റെ അടിസ്ഥാനത്തിൽ**
**ഭാരതത്തിൽ മുന്നിൽ നില്ക്കുന്ന ജമാഅത്തുകൾ**

1. കരുളായ് 2. കോഴിക്കോട് 3. ഹൈദരാബാദ് 4. കൊൽക്കത്ത
5. ഖാദിയാൻ 6. കണ്ണൂർടൗൺ 7. സുലൂർ 8. പഴയങ്ങാടി
9. ചെന്നൈ 10. ബംഗളുരൂ.

അവസാനമുള്ള മൂന്ന് ജമാഅത്തുകൾ കരുനാഗപ്പള്ളി, പത്തപ്പിരിയം, കേരംഗ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ
وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ -
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ١ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ٢
اَلرَّحْمٰنِ الرَّحِيْمِ ٣ مٰلِكِ يَوْمِ الدِّيْنِ ٤
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ٥ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ٦
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ٧
فَاتَّقُوا اللّٰهَ مَا اسْتَطَعْتُمْ وَاسْمَعُوْا وَاَطِيْعُوْا وَاَنْفِقُوْا خَيْرًا لِّاَنْفُسِكُمْ
وَمَنْ يُّوْقَ شُحَّ نَفْسِهٖ فَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ۔ اِنْ تُقْرِضُوا اللّٰهَ قَرْضًا حَسَنًا يُّضٰعِفْهُ
لَكُمْ وَيَغْفِرْ لَكُمْ وَاللّٰهُ شَكُوْرٌ حَلِيْمٌ

അതുകൊണ്ട് നിങ്ങൾ കഴിയുന്നതും അല്ലാഹുവിനെ സൂക്ഷിക്കുക. ശ്രദ്ധിച്ചു കേൾക്കുകയും അനുസരിക്കുകയും ചെലവഴിക്കുകയും ചെയ്യുക. അത് നിങ്ങൾക്കുതന്നെ ഗുണകരമായിരിക്കും. തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്ന് രക്ഷപ്പെടുന്നവരാരോ അവർ തന്നെയാണ് വിജയികൾ. നിങ്ങൾ അല്ലാഹുവിന് നല്ല നിലയിൽ കടം കൊടുക്കുന്നതായാൽ അവൻ നിങ്ങൾക്ക് അത് ഇരട്ടിയായി മടക്കിത്തരും. അവൻ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം വിലയിരുത്തുന്നവനും സഹനശീലനുമാകുന്നു. (64:17,18).

തഖ്‌വ അഥവാ ദൈവഭക്തി കൈക്കൊള്ളാനും സമ്പൂർണമായ അനുസരണത്താൽ അല്ലാഹുവിന്റെ കല്പനകൾ പാലിക്കാനും അല്ലാഹു സത്യവിശ്വാസികളോട് പറയുന്നതായി ഈ ഖുർആനിക വചനത്തിൽ പ്രകടമാണ്. അല്ലാഹുവിന്റെ ധാരാളം കല്പനകളുണ്ട്. അവയിൽ ഒന്നും പ്രധാനപ്പെട്ടതുമായ കല്പന അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുക എന്നതുമാണ്. അതിനാൽ സത്യവിശ്വാസി ധനത്യാഗത്തിന്റെ നേരത്ത് ഒരിക്കലും നിഷേധിക്കാനോ അറച്ചുനില്ക്കാനോ പാടുള്ളതല്ല. കാരണം സത്യവിശ്വാസികൾ ചെയ്യുന്ന ഈ ധനത്യാഗം ഒരു സദുദ്ദേശ്യത്തിനു വേണ്ടിയുള്ളതാണ്.

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന്, അവനുവേണ്ടി

സദുദ്ദേശ്യങ്ങളിൽ അഭിവൃദ്ധിപ്പെടുന്നതിന് ചെലവുചെയ്യുകയും ചെലവുചെയ്യാനാഗ്രഹിക്കുകയും ചെയ്യുന്ന ജമാഅത്ത് ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് മാത്രമാണ്. ഇസ്ലാമിക പ്രബോധനം, മുബല്ലിഗുമാരെ തയ്യാറാക്കുകയും അവരെ പ്രവർത്തനരംഗത്തേക്ക് വിടുകയും ചെയ്യുക, പുസ്തക പ്രസിദ്ധീകരണം, വിശുദ്ധ ഖുർആൻ പ്രസിദ്ധീകരണം, മസ്ജിദുകളുടെ നിർമാണം, മിഷൻഹൗസുകളുടെ നിർമാണം, സ്കൂളുകളുടെ സ്ഥാപനം, ദീനീ തഅ്ലീം പ്രചരിപ്പിക്കുന്നതിന് വിവിധ രാജ്യങ്ങളിൽ റേഡിയോ നിലയങ്ങളുടെ സ്ഥാപനം, ആശുപത്രികളുടെ സ്ഥാപനം, മനുഷ്യകുലത്തിനുവേണ്ടിയുള്ള മറ്റു സേവനങ്ങളുമുണ്ട്. ഇപ്രകാരം അല്ലാഹുവിനോടുകടപ്പെട്ടതും അല്ലാഹുവിന്റെ ദാസരോടു കടപ്പെട്ടതുമായ വിവിധ ഇനങ്ങളിൽപ്പെട്ട ജോലികളുണ്ട്. അത് ഇന്ന് ലോകത്തിന്റെ രേഖാചിത്രത്തിൽ യഥാർഥ ഇസ്ലാമിക അധ്യാപനമനുസരിച്ച് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മൾ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് ആ ജോലികളുടെ ആത്മാവ് മനസ്സിലാക്കി എന്നതു കൊണ്ടാണത്. ശാരീരികേച്ഛയുടെ പിടുക്കിൽനിന്ന് രക്ഷപ്പെട്ട് വിജയികളിൽ ഉൾപ്പെട്ടവരെക്കുറിച്ചുള്ള ഗ്രാഹ്യം കരസ്ഥമാക്കിയവരാണ് നമ്മൾ. ഇതിന്റെ അർഥത്തിൽ വ്യാപ്തിയുണ്ട്. വിജയങ്ങളെക്കാൾ ഒരുപാട് അധികം അതിന്റെ വിശദീകരണമുണ്ട്. അവർ സമ്പൽസമൃദ്ധി പ്രാപിക്കുന്നവരാണ്. വിജയങ്ങൾ കരസ്ഥമാക്കുന്നവരാണ്. അവർ തങ്ങളുടെ സദുദ്ദേശ്യങ്ങളെ പൂർത്തീകരിക്കുന്നവരാണ്. അവർ ഐശ്വര്യപൂർണമായ ജീവിതം കരസ്ഥമാക്കുന്നതിന് ആഗ്രഹിക്കുന്നവരാണ്;അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടിയുള്ള ഐശ്വര്യപൂർണമായ ജീവിതം. അവരുടെ ജീവിതങ്ങൾ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരുന്നു. അവരുടെ സമ്പൽസമൃദ്ധിയ്ക്ക് അനശ്വരത ലഭ്യമാകുന്നു. അവർ സുസ്ഥിരമായിരിക്കുന്നു. അവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശാന്തി കരസ്ഥമാക്കുന്നവരാണ്. അവരുടെമേൽ ഈ ലോകത്തും പരലോകത്തും അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും ഇറങ്ങിക്കൊണ്ടിരിക്കുന്നു.

അല്ലാഹുവിൽനിന്ന് വിജയം പ്രാപിക്കുന്നവരുടെ വിജയങ്ങൾ പരിമിതമായിരിക്കുകയില്ല. മറിച്ച് ആ വിജയങ്ങൾക്ക് അതിരറ്റ വ്യാപ്തിയാണുള്ളത്. പിന്നീട് അല്ലാഹു അവന്റെ വഴിയിൽ ചെലവുചെ

യ്യുന്നവരെക്കുറിച്ച് പറഞ്ഞു, അവരോട് ചെലവഴിക്കാൻ മാത്രമല്ല പറയുന്നത്. മറിച്ച് ഈ ചെലവഴിക്കുന്നവർ നിങ്ങളാണെന്നും പറയുന്നു. ഈ ചെലവ്, ചെലവഴിക്കുന്നവരുടെ വിജയത്തിനുള്ള ഒരു മാർഗവുമാണ്. അല്ലാഹു കടം വെക്കാറില്ല. നിങ്ങളുടെ ധനത്യാഗത്തെ എത്രമാത്രം സ്നേഹദൃഷ്ടിയോടെ അല്ലാഹു നോക്കുകയും അവയെ എത്രമാത്രം വിലമതിക്കുകയും ചെയ്യുന്നുവെന്നാൽ നിങ്ങൾ അല്ലാഹുവിന് നല്ല കടം കൊടുത്തിട്ടുണ്ടെങ്കിൽ അത് തിരിച്ചു തരേണ്ട സമയം വരുമ്പോൾ അല്ലാഹു വർധിപ്പിച്ചു തരുന്നതാണ്. ഇതുമാത്രമല്ല അല്ലാഹു പറയുന്നു, നിങ്ങളുടെ ഈ ത്യാഗം കാരണത്താൽ നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരുന്നതാണ്. പാപങ്ങൾ പൊറുത്തുതരുമെന്ന് മാത്രമല്ല മറിച്ച് കൂടുതൽ നന്മ ചെയ്യാനുള്ള തൗഫീഖും പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ വിലമതിപ്പിനെ സംബന്ധിച്ച് നിങ്ങൾക്ക് ഊഹിക്കാനെ സാധിക്കുകയില്ല. ഈ വിലമതിപ്പിന്റെ കുറച്ചു വിശദീകരണം ''മുഫ്ലിഹൂൻ' എന്ന പദത്തിന് വിശദീകരണം നല്കിയപ്പോൾ വിവരിക്കപ്പെട്ടിട്ടുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് ഈ രീതിയിൽ അനുഗ്രഹം പ്രാപിക്കുന്നവർ എത്രമാത്രം ഭാഗ്യവാന്മാരാണ്. ഞാൻ പറഞ്ഞതുപോലെ ഇന്ന് ഈ ലോകത്ത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നതിന്റെ ഗ്രാഹ്യമുള്ളത് അഹ്മദിക്കു മാത്രമാണ്. ഇക്കാരണത്താൽ അഹ്മദികൾ തന്നെയാണ് ഈ അനുഗ്രഹത്തിൽനിന്ന് അനുഗ്രഹം നേടിക്കൊണ്ടിരിക്കുന്നവർ. ഇത് വാദം മാത്രമല്ല. ഇടക്കിടയ്ക്ക് എന്റെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്ന അത്തരത്തിലുള്ള നൂറുക്കണക്കിന് എന്നല്ല ആയിരക്കണക്കിന് ഉദാഹരണങ്ങളുണ്ട്. ധനത്യാഗം ചെയ്യുന്നവർ വിവരിക്കുന്നതും എഴുതി അറിയിക്കുന്നതുമാണവ. അവർ ഒരു പിടച്ചിലോടുകൂടി ഈ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ധനത്യാഗത്തിന്റെ അല്ലെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിന്റെ ഗ്രാഹ്യമില്ലെങ്കിൽ ആരാണ് ഇത്രപിടച്ചിലോടുകൂടി ത്യാഗം ചെയ്യുക? ഇതുമാത്രമല്ല ധനത്യാഗത്തിനുശേഷം ഉടനെ അനുഭവങ്ങളിലൂടെ കടന്നുപോകുന്ന അതായത് അല്ലാഹു അവർക്ക് എങ്ങനെയാണ് വർധനയോടെ തിരിച്ചു നല്കിയത് തുടങ്ങിയ സംഭവങ്ങളുമുണ്ട്. അല്ലാഹുവിന്റെ ആ പ്രേമവായ്പോടെയുള്ള പെരു

മാറ്റത്തിന്റെ സ്വാധീനഫലമായി ആ വർധിച്ച ധനത്തിൽനിന്ന് വീണ്ടും അതേ വഴിയിൽ അവർ ചെലവഴിക്കുന്നു. അങ്ങനെ അവർ സാമ്പത്തികാടിസ്ഥാനത്തിലും അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവർ ആയിക്കൊണ്ടുപോകുന്നു. മറ്റുനേട്ടങ്ങളും മറ്റു അനുഗ്രഹങ്ങളും അവർക്ക് എത്തിക്കൊണ്ടേ പോകുന്നു. വളരെ വികാരപരമായ രീതിയിൽ അഹ്മദികൾ വിവരിക്കുന്ന അത്തരത്തിലുള്ള ഒരുപാട് സംഭവങ്ങളുണ്ട്. അതായത് എങ്ങനെയാണ് അല്ലാഹു അവരിൽ അനുഗ്രഹം ചൊരിഞ്ഞത്, എങ്ങനെയാണ് അവർക്ക് ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടിയത്, എങ്ങനെ അവർ അവരുടെ പ്രതീക്ഷയെക്കാൾ കൂടുതൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിൽ ഭാഗഭാക്കാകുന്നവരായിത്തീർന്നു തുടങ്ങിയവ. അത്തരം ചില സംഭവങ്ങൾ ഈ നേരത്ത്ഞാൻ നിങ്ങളുടെ മുമ്പിൽ സമർപിക്കുകയാണ്.

ബനിനിൽ (Benin) നിന്ന് നമ്മുടെ മുബല്ലിഗ് എഴുതുന്നു: ‘‘കോത്തോനോ പട്ടണത്തിലെ സൽമാൻ സാഹിബ് സാമ്പത്തിക പരാധീനതയുള്ള വയസ്സായ ഒരാളാണ്. ഡിസംബർ മാസത്തിൽ ബനിനിൽ സംഘടിപ്പിച്ച ജൽസ സാലാനയിൽ പങ്കെടുക്കന്നതിന് വണ്ടിക്കൂലിയായ 1500 ഫ്രാങ്ക് സീഎഫ്എ നല്കാൻപോലും അദ്ദേഹത്തിന്റെ പക്കൽ പണം ഉണ്ടായിരുന്നില്ല. ജൽസയിൽ പങ്കെടുക്കുന്നതിന് അദ്ദേഹത്തോടു പറഞ്ഞപ്പോൾ, നിർബന്ധിച്ചപ്പോൾ അദ്ദേഹം പരിശ്രമിച്ച് ഒരു ഭാഗത്തേക്കുള്ള യാത്രക്കൂലി സംഘടിപ്പിച്ച് ജൽസാഗാഹിലെത്തി. എന്നാൽ, തിരിച്ചുപോകാൻ പണം ഉണ്ടായിരുന്നില്ല. പിന്നീട് അതിനുള്ള ഏർപാട് ചെയ്യേണ്ടിവന്നു. ജൽസയ്ക്കുശേഷം വീട്ടിലെത്തി. നാലഞ്ചു ദിവസത്തിനുശേഷം വഖ്ഫെജദീദ് ചന്ദ പിരിക്കുന്നയാൾ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. താങ്കളുടെ വഖ്ഫ്ജദീദ് വാഗ്ദാനം ബാക്കിയുണ്ടെന്ന് പറഞ്ഞു. സൽമാൻ സാഹിബ് വളരെ സന്തോഷത്തോടെ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി. വഖ്ഫെജദീദ് ചന്ദയെ കുറിച്ച് കേട്ട് ഉള്ളിൽപോയി 6000 ഫ്രാങ്ക് സീഎഫ്എ കൊണ്ടു വന്നു കൊടുത്തു. ഇതെഴുതുന്നയാൾ എഴുതുന്നു: അദ്ദേഹത്തിന്റെ നിലനോക്കുമ്പോൾ ഇത് വലിയൊരു തുകയായിരുന്നു. അപ്പോൾ ചന്ദ വസൂലാക്കാൻ ചെന്ന റാജി ശുഹൂദ് സാഹിബ് വികാരഭരിതനായി. പിന്നീട് അദ്ദേഹത്തോടു പറഞ്ഞു: താങ്കൾ കുറച്ചു തുക തന്നാൽ മതി. ഇത്രയധികം തരേണ്ട. കുട്ടികൾക്കുവേണ്ടിയും കുറച്ചു ബാക്കിവെക്കുക.

കാരണം ഇത് താങ്കളുടെ കഴിവിനെക്കാൾ അധികമാണ്. അപ്പോൾ അദ്ദേഹം മറുപടിയായി പറഞ്ഞു: ''അല്ലാഹു ഈ തുക എനിക്ക് തന്നിരിക്കുമ്പോൾ അവന്റെ വഴിയിൽ എന്തുകൊണ്ട് കൊടുത്തു കൂടാ. ഈ പണം എന്റേതല്ല. ഇത് അല്ലാഹുവിന്റെ അമാനത്താണ്. ജൽസക്ക് പോകാൻ എന്റെ കൈയിൽ പണമൊന്നുമുണ്ടായിരുന്നില്ല. വളരെ പ്രയാസപ്പെട്ടാണ് ഒരു ഭാഗത്തേക്കുള്ള ചെലവെടുത്ത് പോയത്. മടങ്ങി വരുമ്പോൾ അല്ലാഹു ഒരുപാട് അനുഗ്രഹിച്ചു. ഞാൻ ഈ തുക സന്തോഷത്തോടെ അവന്റെ വഴിയിൽ കൊടുക്കാൻ തയ്യാറാണ്. അതിനുശേഷം പറഞ്ഞു: ''രണ്ടുദിവസത്തിനുശേഷം വീണ്ടും വരിക. ഞാൻ ഇനിയും പണം നല്കുന്നതാണ്.' രണ്ടു ദിവസത്തിനുശേഷം അദ്ദേഹം രണ്ടായിരം ഫ്രാങ്ക് സീഎഫ്എ കൂടുതലായി അടക്കുകയും ചെയ്തു.'

തൻസാനിയായിലെ നമ്മുടെ മുബല്ലിഗ് എഴുതുന്നു: ''അവിടത്തെ ഒരു റീജിയണിലെ അഹ്മദ് മൽയൗവെ സാഹിബ് നവഅഹ്മദിയാണ്. രണ്ടുവർഷം മുമ്പേ അഹ്മദിയായി. അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു: എന്തൊന്ന് നമ്മൾ വഖഫ്ജദീദിലും തഹ്രീക്കെ ജദീദിലും കൊടുക്കുന്നുവോ അല്ലാഹു കൂടുതലാക്കി തരുന്നുവെന്നത് ഞാൻ കണ്ടിരിക്കുന്നു. ജമാഅത്തിൽ ചേരുന്നതിനു മുമ്പേ പണം എവിടെ പോകുന്നുവെന്ന് എനിക്കറിയില്ലായിരുന്നു. എന്നാൽ, ജമാഅത്തിൽ ചേരുകയും ചന്ദ കൊടുക്കാൻ തുടങ്ങുകയും ചെയ്തതുമുതൽ മാനസികമായ ഒരു സമാധാനം ലഭിക്കുന്നുണ്ട്. ഞങ്ങളുടെ ഉപജീവനമാർഗത്തിന്റെ അവസ്ഥകൾ വളരെ ഉയർന്നുകഴിഞ്ഞിരിക്കുന്നു.'

ബറുണ്ടിയിലെ മുബല്ലിഗ് എഴുതുന്നു: ''അവിടെ ഒരു അബൂബക്കർ സാഹിബുണ്ട്. വളരെ ദരിദ്രനായ അഹ്മദിയാണ്. നിസ്സാരമായ ശമ്പളത്തിൽ ജീവിക്കുന്നയാളാണ്. തന്റെ മാതാപിതാക്കളേയും അദ്ദേഹം സഹായിച്ചുവരുന്നു.' പറയുന്നു: ''ഞാൻ വഖ്ഫെ ജദീദ് ചന്ദ പിരിക്കുന്നതിനായി അദ്ദേഹത്തിന്റെ അടുക്കൽ പോയി. ഉടനെ കുറച്ചുപണം അദ്ദേഹം തന്നു. എന്നിട്ട് അദ്ദേഹത്തിന്റെ പിതാവിന്റെ കാലിൽ മുറിവുണ്ടായ കാരണത്താൽ രോഗം മൂർച്ഛിച്ചിരിക്കുകയാണെന്ന് പറഞ്ഞു. മൂന്നുമാസമായി ആശുപത്രിയിൽ ഒരുപാട് ചികിത്സ നടത്തിക്കഴിഞ്ഞിരിക്കുന്നു. നാടൻ ചികിത്സയും നടത്തുന്നുണ്ട്. ഇപ്പോൾ അദ്ദേഹത്തിന്റെ കാൽ മുറിച്ചുനീക്കുന്നതിനെ

ക്കുറിച്ചാണ് ഡോക്ടർ ആലോചിക്കുന്നത്. ഇതല്ലാതെ വേറെ മാർഗമൊന്നുമില്ലത്രെ!' മുബല്ലിഗ് എഴുതുന്നു: ''രണ്ടാഴ്ചയ്ക്കുശേഷം അബൂബക്കർ സാഹിബ് ജുമുഅയ്ക്കു വന്നു. ഏറ്റവുമാദ്യം തന്റെ വഖ്ഫ്ജദീദ് ചന്ദയുടെ കുടിശ്ശിക അടച്ചുതീർത്തു. വേദനനിറഞ്ഞ വാക്കുകളിൽ അദ്ദേഹം നന്ദി പറയാൻ തുടങ്ങി.' അദ്ദേഹം പറഞ്ഞു: ''വഖ്ഫെ ജദീദിന്റെ നിസ്സാരമായ ചന്ദ ഞാൻ അടച്ചപ്പോൾ (കുറച്ചുപണം അദ്ദേഹം ആദ്യമേ കൊടുത്തിരുന്നുവല്ലോ) അതിനനുഗ്രഹമുണ്ടായി. ഞാൻ ജോലിചെയ്തിരുന്ന സ്ഥലത്തെ മുതലാളി എന്റെ ശമ്പളം വർദ്ധിപ്പിച്ചു. അതിനേക്കാളുപരി എന്റെ പിതാവിന്റെ രോഗവും സുഖപ്പെടാൻ തുടങ്ങി എന്നതാണ് അല്ലാഹുവിന്റെ അനുഗ്രഹം. ആദ്യം അദ്ദേഹം ഊന്നുവടിയുടെ സഹായത്താലാണ് നടന്നിരുന്നത്. ഇപ്പോൾ വടിയൊന്നും കൂടാതെ നടക്കാൻ തുടങ്ങിയിരിക്കുന്നു. ഇതെല്ലാം ചന്ദ നല്കിയതിന്റെ അനുഗ്രഹമാണ്.' പിന്നീടദ്ദേഹം പറഞ്ഞു: ''പതിവായി ചന്ദ കൊടുക്കാൻ എന്റെ വരുമാനമനുസരിച്ച് ചന്ദആം എത്രയാണെന്നും എനിക്ക് പറഞ്ഞുതരിക.'

തൻസാനിയായിലെ ലിണ്ടി റീജിയണിലെ സുലൈമാനി സാഹി ബ് എഴുതുന്നു: ''ഞാൻ കച്ചവടക്കാരനാണ്. കഴിഞ്ഞവർഷം എന്റെ കച്ചവടത്തിൽ നഷ്ടമുണ്ടായി. പക്ഷേ, ഞാൻ എന്റെ തഹ്‌രീക്കെ ജദീദിന്റേയും വഖ്ഫെജദീദിന്റെയും വാഗ്ദാനങ്ങളിൽ കുറവു വരുത്താൻ വിട്ടില്ല. അനുഗൃഹീത റമളാൻ മാസത്തിൽതന്നെ വാഗ്ദാനത്തേക്കാളേറെ അടച്ചുതീർത്തു; ഖലീഫത്തുൽ മസീഹിന്റെ ദുആയിൽ ഭാഗഭാക്കാകാൻ, ഈ നഷ്ടത്തിൽനിന്ന് പുറത്തുവരാനും. അല്ലാഹു എങ്ങനെ അനുഗ്രഹിച്ചുവെന്നാൽ ആ സമയത്ത് എനിക്ക് ഒരു കടയാണുണ്ടായിരുന്നത്. അതും നഷ്ടത്തിലായിരുന്നു. അല്ലാഹു എന്റെ ചന്ദയിൽ എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്നാൽ ഇപ്പോൾ എനിക്ക് രണ്ട് കടകളുണ്ട്. താൻ വെക്കാറില്ലെന്നും ഒരുപാടിരട്ടിയാക്കി നൽകാറാണുള്ളതെന്നും അല്ലാഹു പറയുന്നു.'

തൻസാനിയായിലെതന്നെ ബട്ട്വാരാ റീജിയണിലെ ഒരു നവ അഹ്മദിയാണ് ശാൻക്‌വെ സുബേരെ സാഹിബ്. പറയുന്നു: ''ഞാൻ ജമാഅത്തിൽ ചേർന്നിരുന്നു. പിന്നീട് ജമാഅത്ത് വിട്ടു. അതിനുശേഷം ഞാൻ തദ്ദേശ മുഅല്ലിമിന്റെ ശ്രമത്താൽ വീണ്ടും ജമാഅത്തിൽ വന്നു. ഞാൻ ജമാഅത്ത് വ്യവസ്ഥിതിയിൽനിന്ന് വെളിയിലായിരുന്നപ്പോൾ എന്റെ ജീവിതം ഞെരുക്കത്തിലാണ്

നീങ്ങിയിരുന്നത്. ചെറിയ കച്ചവടവുമായിരുന്നു. അതാണെങ്കിൽ നിത്യവും നഷ്ടത്തിലും. എന്റെ കൈയിൽ ഒരു സൈക്കിളുണ്ടായിരുന്നു. അതിൽ പാത്രങ്ങൾ വെച്ചാണ് വിൽക്കാൻ പോയിരുന്നത്. ചിലപ്പോൾ പകൽ മുഴുവൻ നടന്നാലും ഒന്നും വിൽക്കുമായിരുന്നില്ല. പക്ഷേ, ജമാഅത്ത് വ്യവസ്ഥിതിയിൽ സജീവമായതുമുതൽ, പദ്ധതികളിൽ ചന്ദ കൊടുക്കാൻ തുടങ്ങിയതുമുതൽ കുറച്ചുകാലമേ കഴിഞ്ഞുള്ളൂ എന്റെ ഉപജീവനാവസ്ഥ ആകെ മാറി. ചന്ദ കൊടുത്തതുകൊണ്ട് അല്ലാഹു എത്രമാത്രം ബർക്കത്ത് നല്കിയെന്നാൽ ഇപ്പോൾ സൈക്കിളിനുപകരം മോട്ടോർസൈക്കിൾ ഞാൻ വാങ്ങിയിരിക്കുകയാണ്. എന്റെ പഴയ അവസ്ഥയേക്കാൾ ഒരുപാട് മെച്ചപ്പെട്ട അവസ്ഥയിലാണ് ഞാൻ ഇപ്പോഴുള്ളത്.'

കോംഗോ ബ്രാസാപേളിൽനിന്ന് മുബല്ലിഗ് എഴുതുന്നു: ''ഒരു ദരിദ്രനായ അഹ്മദി സഹോദരൻ ആലേപ സാഹിബ് കൂലിവേല ചെയ്ത് ജീവിക്കുന്നയാളാണ്. എല്ലാ മാസവും ചന്ദ മുടങ്ങാതെ നല്കുന്നുണ്ട്. ഞങ്ങൾ വഖ്ഫെ ജദീദ് ചന്ദയെക്കുറിച്ച് വിളംബരം ചെയ്തപ്പോൾ ആ ദരിദ്രനായ അഹ്മദി പറയുന്നു. എന്റെ കൈയിൽ വെറും രണ്ടായിരം ഫ്രാങ്ക് സിഎഫ്എ യേ ഉണ്ടായിരുന്നുള്ളൂ. ജോലിയും എങ്ങും കിട്ടിയിരുന്നില്ല. ഞാൻ മസ്ജിദിൽ പോയി രണ്ട് റക്അത്ത് നഫ്ൽ നമസ്കരിച്ചു. സദർ സാഹിബിന്റെ അടുത്തുപോയി കൈയിലുണ്ടായിരുന്ന രണ്ടായിരം ഫ്രാങ്ക് സിഎഫ്എ ചന്ദ കൊടുത്തു. വൈകുന്നേരം അദ്ദേഹം പറയുന്നു. എനിക്കൊരാൾ ഇരുപതിനായിരം ഫ്രാങ്ക് സിഎഫ്എ അയച്ചുതന്നു. അത് കുറേക്കാലം മുമ്പേ ഞാൻ ജോലി ചെയ്തതിന്റെ കൂലിയായിരുന്നു. പക്ഷേ അന്നൊന്നും അയാൾ അത് എനിക്ക് തന്നിരുന്നില്ല. ചന്ദയുടെ അനുഗ്രഹത്താൽ അല്ലാഹു അയാളെ നിർബന്ധിച്ചതിന്റെ ഫലമായിരിക്കും അയാൾ എനിക്ക് എന്റെ പണം തിരിച്ചുതന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇപ്രകാരം പത്തിരട്ടി വർദ്ധിപ്പിച്ച് അല്ലാഹു മടക്കിത്തന്നു.'

ബനിനിലെ മുബല്ലിഗ് എഴുതുന്നു: ''അവിടത്തെ ഒരു അഹ്മദിയാണ് കായിനിടെ (Kainjnide)സാഹിബ്. ഗോഗോറോ (Gogoro) ജമാഅത്തുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ഈയടുത്താണ് ബയ്അത്ത് ചെയ്തത്. അതോടൊപ്പം ചന്ദകളും കൊടുത്തുതുടങ്ങി. ഇദ്ദേഹം തന്നിൽ അസാധാരണമായ മാറ്റം അനുഭവിക്കുന്നയാളാണ്. അദ്ദേഹത്തിൽനിന്ന് ഇപ്രാവശ്യം വഖ്ഫെജദീദ്

ചന്ദ ചോദിച്ചപ്പോൾ വളരെ താൽപര്യത്തോടെ തന്നുകൊണ്ട് പറഞ്ഞു: "ഞാൻ ചന്ദ കൊടുക്കാൻ തുടങ്ങിയതുമുതൽ എന്റെ കച്ചവടം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്റെ ജോലിയിൽ അസാധാരണമായ അനുഗ്രഹം പതിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചന്ദ കൊടുക്കുകയും ചെയ്യുന്നതിന്റെ അനുഗ്രഹമാണ്.'

സിയറ ലിയോണി (Sierra Leone)ലെ കേനുമാർ റീജിയന്റെ മുബല്ലിഗ്, ഹാജി ശേയ്ഖോ സാഹിബിനെ കുറിച്ച് പറയുന്നു: "അദ്ദേഹം പറഞ്ഞു, ആദ്യം ഞാൻ എന്റെ മക്കളുടെ വഖ്ഫ്ജദീദ് ചന്ദയാണ് നല്കിക്കൊണ്ടിരുന്നത്. എന്നാൽ, ഇപ്രാവശ്യം നിന്റെ വാഗ്ദാനം സ്വന്തം എഴുതിക്കാൻ ഞാൻ എന്റെ മകളോടു പറഞ്ഞു. നീ തന്നെ അതു കൊടുത്തുകൊള്ളണമെന്നും പറയുകയുണ്ടായി. സെക്രട്ടറി സാഹിബ് വഖ്ഫെജദീദ്, വാഗ്ദാനമെടുക്കുന്നതിനുവേണ്ടി പോയപ്പോൾ ഡോക്ടർ ഹാജി ശേയ്ഖോ സാഹിബ് വാഗ്ദാനമെഴുതിക്കാൻ മകളോടു പറഞ്ഞു. ഡോക്ടർ സാഹിബ് പറയുന്നു, ഞാൻ ധരിച്ചത് മൂന്ന് നാലായിരം അവൾ വാഗ്ദാനം എഴുതിക്കുമെന്നാണ്. എന്നാൽ, എന്റെ മകൾ 10000 ലിയോൺ നല്കുന്നതാണെന്ന് വാഗ്ദാനം ചെയ്തപ്പോൾ ഇത്ര അധികം എവിടെന്ന് കൊടുക്കാനാണെന്ന് അവളുടെ ഉമ്മ ചോദിച്ചു. ഡോക്ടർ സാഹിബ് മിണ്ടാതിരിക്കുക എന്ന് പറഞ്ഞ് ഭാര്യയെ വിലക്കുകയും അവൾക്കിഷ്ടമുള്ളത് അവൾ എഴുതിക്കട്ടെ എന്ന് പറയുകയും ചെയ്യുക. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഡോക്ടർ സാഹിബിന്റെ കുറച്ചു ബന്ധുക്കൾ അദ്ദേഹത്തെ കാണാൻ വന്നു. പോകുന്നനേരത്ത് അവർ മകൾക്ക് 15000 ലിയോൺ കൊടുത്തു. മകൾ ഉടനെതന്നെ താൻ വാഗ്ദാനം ചെയ്ത ചന്ദയാണിതെന്ന് പറഞ്ഞ് ഡോക്ടർ സാഹിബിന് 10000 ലിയോൺ നല്കി.'

ഈ അതിവിദൂര സ്ഥലങ്ങളിൽ വസിക്കുന്നവർക്കും അഹ്മദികളുടെ കുട്ടികൾക്കുപോലും അല്ലാഹു അതിരറ്റ ആത്മാർഥതയാണ് നല്കിയിട്ടുള്ളത്. അവർ ചന്ദയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. ആരാണ് ഇവരുടെ ഹൃദയങ്ങളിൽ ചലനമുണ്ടാക്കുന്നത്? തീർച്ചയായും അല്ലാഹുവല്ലാതെ മറ്റാരും ആകുകയില്ല. എന്നിട്ടും ലോകത്തിന്റെ അന്ധർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിനാൽ അയക്കപ്പെട്ടയാളാണെന്ന് കാണാൻ കഴിയുന്നില്ല.

പുതിയതായി വരുന്നവർ ആത്മാർഥതയിലും കൂറിലും വളരെ വേഗത്തിൽ അഭിവൃദ്ധിപ്പെടുന്നു എന്നകാര്യവും ഓർക്കുക. നന്മകളിൽ മുന്നോട്ടു കടക്കാനുള്ള ആത്മവുണ്ടല്ലോ, അതിലേക്ക് പഴയ അഹ്മദികളും പഴയകുടുംബങ്ങളും ശ്രദ്ധിക്കേണ്ടതാണ്. വീണ്ടുവിചാരത്തോടുകൂടി ശ്രദ്ധിക്കേണ്ടതാണ്.

കൺഷാസായിലെ നമ്മുടെ മുബല്ലിഗ് എഴുതുന്നു: "അവിടെത്തെ ഒരു അഹ്മദിയാണ് ഇബ്റാഹിം സാഹിബ്. കന്നുകാലി വില്പനയാണ് അദ്ദേഹത്തിന്റെ ജോലി. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ അദ്ദേഹത്തിന്റെ കച്ചവടം വളരെ പരിതാപകരമായിരുന്നു. ലാഭമൊന്നും അങ്ങനെയുണ്ടായിരുന്നില്ല. അഹ്മദിയ്യത്ത് സ്വീകരിച്ചതിനു ശേഷം അദ്ദേഹം തന്റെ കഴിവനുസരിച്ച് ചന്ദ കൊടുക്കാൻ തുടങ്ങി. ചന്ദയുടെ ബർക്കത്തുകൊണ്ട് അദ്ദേഹത്തിന്റെ കച്ചവടം മെച്ചപ്പെട്ടു. ഇതെല്ലാം താൻ ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം ചെയ്ത ധനത്യാഗത്തിന്റെ ഫലമാണെന്ന് അദ്ദേഹം ഏറ്റുപറയുന്നു.'

കോംഗോ കിൻഷാസായിലെ(Congo Kinshasa) മുബല്ലിഗുതന്നെ എഴുതുന്നു: "ബാക്കോംങ്കൊ സംസ്ഥാനത്തിലെ മുബാൻസാ ഗുൻഗു (Mbanza Ngungu) ജമാഅത്ത് വാസിയാണ് മുസ്ത്വഫാ സാഹിബ്. ഈ വർഷം റമളാനിലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. ആ നാളുകളിൽ അദ്ദേഹത്തിന്റെ ക്രിസ്തീയ സഹോദരി ഗുരുതരമായ രോഗബാധിതയായിരുന്നു. വലിയൊരു തുക അവരുടെ ചികത്സക്കായി ചെലവാകാൻ തുടങ്ങി. അങ്ങനെ അതേ മാസം അദ്ദേഹം മസ്ജിദിൽ ധനത്യാഗത്തെ കുറിച്ചു കേട്ടപ്പോൾ ചന്ദ കൊടുത്തു. തന്റെ സഹോദരിക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ട് ചന്ദ കൊടുത്തു. അതിനുശേഷം അദ്ദേഹത്തിന്റെ സഹോദരി പൂർണസുഖം പ്രാപിച്ചു. അദ്ദേഹം പറയുന്നു: ഇതെല്ലാം അല്ലാഹുവിന്റെ വഴിയിൽ ധനത്യാഗം ചെയ്തതിന്റെ ബർക്കത്താണ്.'

പിന്നീട് മാലി അമീർ സാഹിബ് വിവരിക്കുന്നു. ജമാഅത്തിന്റെ ചന്ദ കൊടുത്തുതുടങ്ങുന്നതിനുമുമ്പേ അങ്ങേയറ്റം ദരിദ്രനായിരുന്ന ഒരു അഹ്മദിയാണ് മുഹമ്മദ് ജാറാ സാഹിബ്. പക്ഷേ, അദ്ദേഹം ജമാഅത്തിന്റെ ചന്ദ കൊടുക്കാൻ തുടങ്ങിയതുമുതൽ അദ്ദേഹത്തിന്റെ ദാരിദ്ര്യം അകലാൻ തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാലിയിൽ ഇപ്പോൾ ചില സഹോദരങ്ങൾ നല്ല രീതിയിൽ ധനത്യാഗം ചെയ്യാൻ തുടങ്ങിയിരിക്കുന്നു. കുറച്ചു

കാലം മുമ്പേ ദാവോ സാലിഫ് (Dao Salif)സാഹിബ്- അദ്ദേഹം പാവപ്പെട്ട ഒരു മേസ്തിരിയായിരുന്നു- തുടക്കത്തിൽ ആയിരം ഫ്രാങ്ക് സിഎഫ്എ ഓരോ ആഴ്ചയും ചന്ദ കൊടുക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ ജോലിയിലും ആത്മാർത്ഥതയിലും എത്രമാത്രം അനുഗ്രഹമുണ്ടായി എന്നാൽ, കുറച്ചുനാൾ മുമ്പേ അദ്ദേഹം ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരം ഫ്രാങ്ക് സിഎഫ്എ ചന്ദ കൊടുത്തു. അത് 202 പൗണ്ടിന് തുല്യമാണ്.'

പുതുവിശ്വാസികളിൽ ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചന്ദ കൊടുക്കാനുള്ള താൽപര്യം വർധിച്ചു വരികയാണ്. വലിയ ആത്മാർഥതയോടെ അവർ ചന്ദ കൊടുക്കുന്നു.

ഇപ്രകാരംതന്നെ ജമാഅത്തിലെ മറ്റൊരു മുഖലിസായ അഹ്മദിയാണ് ഫോഫാന സാഹിബ്. ഓരോ മാസവും അദ്ദേഹം ഒരു ലക്ഷത്തി അമ്പതിനായിരം ഫ്രാങ്ക് ഏകദേശം ഇരുന്നൂറ് പൗണ്ട് അടച്ചുകൊണ്ടിരിക്കുന്നു. ആ ദരിദ്ര രാഷ്ടങ്ങളിൽ വലിയ തുകകളാണിത്. ഇതിനു പുറമെ അദ്ദേഹം രണ്ടുലക്ഷത്തി അമ്പതിനായിരം ഫ്രാങ്കും ഏകദേശം മുന്നൂറ്റി മുപ്പത് പൗണ്ട് സക്കാത്തും കൊടുക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈമാനിലും യഖീനിലും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.'

ഇന്ത്യയിലെ കശ്മീരിലെ ഇൻസ്പെക്ടർ സാഹിബ് എഴുതുന്നു: "കഴിഞ്ഞ ദിവസങ്ങളിൽ കശ്മീർ സംസ്ഥാനത്ത് വെള്ളപ്പൊക്കമുണ്ടായി. അത് ശ്രീനഗർ നഗരത്തിലെ എല്ലാ അഹ്മദി വീടുകളേയും ശരിക്കും ബാധിച്ചിരുന്നു. സെപ്റ്റംബറിലാണ് വെള്ളപ്പൊക്കമുണ്ടായത്. രണ്ടുനില കെട്ടിടംപോലും വെള്ളത്തിൽ മുങ്ങിപ്പോയിരുന്നു.' പറയുന്നു: "ശ്രീനഗർ ജമാഅത്തിലെത്തിയപ്പോൾ ഞാൻ വിഷമത്തിലായിരുന്നു. ഇപ്പോൾ ശ്രീനഗർ ജമാഅത്തിലെ വഖ്ഫ്ജദീദ് ചന്ദ നൂറു ശതമാനം കിട്ടുകയില്ല. വെള്ളപ്പൊക്കം കാരണത്താൽ ആളുകൾ തങ്ങളുടെ വീടിന്റെ മച്ചിന്മേൽ താമസിക്കാൻ നിർബന്ധിതരായിരിക്കുകയാണ്. അവരുടെ വീടുകൾ മുഴുവൻ ചെളികൊണ്ട് നിറഞ്ഞിരിക്കുന്നു. എല്ലാ വീടുകളും പരിതാപകരമായ അവസ്ഥയിലായിരുന്നു.' ഇൻസ്പെക്ടർ സാഹിബ് പറയുന്നു: "ഏതൊരു വീട്ടിൽ പോകുമ്പോഴും ചന്ദ പിരിക്കാൻ വന്നതാണെന്ന് പറയാൻ ധൈര്യം വന്നിരുന്നില്ല.' പക്ഷേ, അദ്ദേഹം പറയുന്നു: "ആളുകൾ എന്നെ നേരിൽ കണ്ടിട്ട് ചന്ദയുടെ കാര്യം ചോദിക്കാൻ

തുടങ്ങി. അവർ സന്തോഷത്തോടെ തങ്ങളുടെ കുടിശിക അടയ്ക്കുന്നത് കണ്ടപ്പോൾ അത്ഭുതം തോന്നിപ്പോയി. ഇത്രമാത്രം ബുദ്ധിമുട്ടുണ്ടായിട്ടും അവരുടെ മുഖങ്ങളിൽ നേരിയ ചുളിവുപോലും ഉണ്ടായിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശ്രീനഗർ അഹ്മദിയ്യാ ജമാഅത്തിന്റെ ബജറ്റ് പൂർത്തിയായി. ഈ ദൃശ്യം കണ്ട് കണ്ണുകൾ നിറഞ്ഞുപോയി. നബി(സ)തിരുമേനിയുടെ സ്വഹാബാക്കളെ(റ) ഓർമവന്നു. അവരുടെ പക്കൽ തിന്നാൻ ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ, ത്യാഗങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരുന്നു. യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ട ജമാഅത്തിനെ കണ്ടിട്ട് ഈമാൻ വർധിക്കുന്നു.'

ബനിനിൽനിന്ന് നമ്മുടെ മുഅല്ലിം എഴുതുന്നു: 'തന്റെ കുടുംബത്തെ അല്ലാഹു അഹ്മദിയാക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു നവ അഹ്മദി ചന്ദ മുടങ്ങാതെ കൊടുത്തുകൊണ്ടിരുന്നു. അവർ അഹ്മദികളായി. അദ്ദേഹം വിവരിക്കുന്നു: 'ഞാൻ ചന്ദകൊടുക്കുന്ന അനുഗ്രഹത്താൽ എന്റെ കുടുംബം മുഴുവൻ അഹ്മദിയായതായി ഞാൻ സ്വപ്നം കണ്ടിരുന്നു. ഈ സ്വപ്നം കാരണത്താൽ അവരെ തബ്ലീഗ് ചെയ്യണമെന്ന് എനിക്കു തോന്നി. ആദ്യം തബ്ലീഗ് ചെയ്യാറുണ്ടായിരുന്നില്ല. (പക്ഷേ, സ്വപ്നം കാരണത്താൽ പിന്നീട് തബ്ലീഗ് ചെയ്യാൻ തുടങ്ങി). പറയുന്നു: 'അങ്ങനെ ഞാൻ അവരെ തബ്ലീഗ് ചെയ്തു. ഈ ഉദ്ദേശ്യത്തിനുവേണ്ടി ചന്ദയും കൊടുക്കാൻ തുടങ്ങി. എന്റെ കുടുംബാംഗങ്ങളെല്ലാം അഹ്മദിയായിക്കഴിഞ്ഞിരിക്കുന്നുവെന്ന് പറയുന്നതിൽ ഇന്ന് എനിക്ക് അഭിമാനമുണ്ട്. ഇത് വെറും ദീനിന്റെ വഴിയിൽ സാമ്പത്തികത്യാഗത്തിന്റെ ബർക്കത്തുകൊണ്ടുണ്ടായതാണ്.'

ബനിനിലെ ഗോഗോറോ (Gogoro) ഗ്രാമത്തിലെ ഒരു സ്ത്രീയാണ് ഷാബി ലിമാത്ത (Chabi Limitha)സാഹിബ. അവർ പറയുന്നു: 'കഴിഞ്ഞ വർഷത്തെ എന്റെ അവസ്ഥ ഞാൻ എന്തു ജോലി ചെയ്താലും കച്ചവടം തുടങ്ങിയാലും അത് നഷ്ടത്തിലായിരുന്നു. ഒരു ജോലിയും മുഴുമിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഒരു ദിവസം മുഅല്ലിം സാഹിബ് എന്നോട് 'വിശ്വസ്തതയോടുകൂടി അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാനും മുടങ്ങാതെ അത് നല്കാനും' പറഞ്ഞു. അപ്പോൾ ഞാൻ വിശ്വസ്തതയോടെ വരുമാനം കണക്കാക്കി അതനുസരിച്ച് ചന്ദ കൊടുത്താൽ എന്തു നേട്ടമാണുണ്ടാവുക എന്ന് നോ

ക്കാമെന്ന് വിചാരിച്ചു. പറയുന്നു: 'ഞാൻ പതിവായി ചന്ദ കൊടുക്കാൻ തുടങ്ങിയപ്പോൾ എന്റെ കച്ചവടം നല്ലനിലയിൽ നടക്കാൻ തുടങ്ങി. വീട്ടിൽ ധനം ധാരാളമായി. എന്റെ എല്ലാ ജോലിയും ശരിയാകാൻ തുടങ്ങി. അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്; അവൻ ചെലവഴിക്കുന്നവർക്ക് ഒരുപാട് നല്കുന്നു.'

ഇന്ത്യയിൽനിന്നുതന്നെ ഇൻസ്പെക്ടർ ഖമറുദ്ദീൻ സാഹിബ് പറയുന്നു: 'സാമ്പത്തികവർഷത്തിന്റെ ആരംഭത്തിൽ കേരള സംസ്ഥാനത്ത് വഖ്ഫെ ജദീദിന്റെ ബജറ്റു തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ജമാഅത്തിലെത്തി. അവിടെ 24 വയസ്സുള്ള ഒരു യുവാവിനെ കണ്ടു. താൻ ഇന്റീരിയർ (interior) ഡിസൈനിംഗിൽ പഠനം പൂർത്തിയാക്കിയെന്നും തന്റെ പിതാവുമൊത്ത് ജോലി തുടങ്ങാൻ പോകുകയാണെന്നും അദ്ദേഹം പറഞ്ഞു. ചന്ദ വഖ്ഫെ ജദീദിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹത്തോടു പറഞ്ഞു. ആ സമയംതന്നെ അദ്ദേഹം രണ്ടുലക്ഷം രൂപ തന്റെ ബജറ്റ് എഴുതിച്ചു. എന്നിട്ട് പറഞ്ഞു: 'ഇപ്പോൾ ജോലി തുടങ്ങിയതേയുള്ളു. വാഗ്ദാനം എങ്ങനെ പൂർത്തിയാകുമെന്ന് അല്ലാഹുവിനെ അറിയൂ.' പിന്നീട് പറയുന്നു: അദ്ദേഹം എനിക്കും കത്തെഴുതി. താൻ ഖലീഫത്തുൽ മസീഹിന് ദുആയ്ക്കെഴുതുമെന്നും താങ്കളും ഖലീഫത്തുൽ മസിഹിന് കത്തെഴുതണമെന്നും ഇൻസ്പെക്ടർ സാഹിബ് അദ്ദേഹത്തോടും പറഞ്ഞു. ഇൻസ്പെക്ടർ സാഹിബ് പറയുന്നു: വീണ്ടും ചന്ദ വസൂൽ ചെയ്യുന്നതിനുവേണ്ടി പോയപ്പോൾ അദ്ദേഹം സന്തോഷത്തോടെ പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ പല ബാങ്കുകളിൽനിന്നും എനിക്ക് ഇന്റീരിയർ (interior)ഡിസൈനിംഗിന്റെ ജോലി കിട്ടിയിട്ടുണ്ട്. അതുമുഖേന എന്റെ വരുമാനത്തിൽ ഒരുപാട് ബർക്കത്തുണ്ടായി.' ആ സമയംതന്നെ അദ്ദേഹം തന്റെ വാഗ്ദാനമായ രണ്ടുലക്ഷം രൂപയും അടച്ചുതീർത്തു.'

ഇന്ത്യയിൽനിന്നുതന്നെ നായിബ് നാസിംമാൽ വഖ്ഫെജദീദ് എഴുതുന്നു: 'ഉത്തർപ്രദേശ് സംസ്ഥാനത്തിൽ സാമ്പത്തിക പര്യടനം നടത്തുന്ന വേളയിൽ കാൺപൂർ സെക്രട്ടറിമാൽ മുഹമ്മദ് ഫരീദ് അൻവർ സാഹിബുമായി കൂടിക്കാഴ്ച നടന്നു. അദ്ദേഹം തന്റെ വഖ്ഫെജദീദ് വാഗ്ദാനം പൂർത്തിയാക്കി. വൈകുന്നേരം തന്റെ വീട്ടിൽ ചെല്ലാൻ ക്ഷണിക്കുകയും ചെയ്തു. വൈകുന്നേരം അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ തന്റെ എട്ടു വയസ്സുള്ള മക

ൾ രണ്ടുദിവസമായി താങ്കളെ കാത്തിരിക്കുകയാണെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. കുട്ടിയുടെ പേര് സജീല എന്നാണ്. അങ്ങനെ സജീല ഒന്നും മിണ്ടാതെ മുറിയിലേക്ക് പോയി. കുറച്ചു കഴിഞ്ഞ് വെളിയിൽ വന്നപ്പോൾ കൈയിൽ ഒരു കുടുക്ക ഉണ്ടായിരുന്നു. അത് എന്റെ കൈയിൽ തന്നിട്ട് പറഞ്ഞു: ഞാൻ ചന്ദ നല്കുന്നതിനായി വർഷം മുഴുവൻ ഇതിൽ പണം നിക്ഷേപിച്ചു. താങ്കൾ ഇതിൽനിന്ന് മുഴുവൻ തുകയും എടുക്കുകയും രസീത് തരികയും ചെയ്യുക. അതിൽ 735 രൂപ ഉണ്ടായിരുന്നു. ഇതുകണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഇത് എട്ടു വയസ്സുള്ള ഒരു പെൺകുട്ടിയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ നൗ പദ്ധതിയിലും അംഗമാണ്. വഖ്ഫെ ജദീദിന്റെ ചന്ദാവാഗ്ദാനം സ്വയം എഴുതിച്ച് വാഗ്ദാനത്തെക്കാളേറെ അടയ്ക്കുന്നു.'

കുട്ടികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ആത്മാവ് അവരുടെ മനസ്സിൽ ഇടുന്നത് അല്ലാഹു മാത്രമാണ്. എന്നാൽ, വീട്ടിലെ അന്തരീക്ഷം ദീനി ആക്കിവെക്കേണ്ടത് മാതാപിതാക്കളുടേയും ജോലിയാണ്. മറ്റു നന്മകളോടൊപ്പം, ആരാധനകളോടൊപ്പം ചന്ദയുടെ പ്രാധാന്യത്തെക്കുറിച്ചും ഇടയ്ക്കിടെ അവരുടെ മനസ്സുകളിൽ ഇട്ടുകൊണ്ടിരിക്കേണ്ടതാണ്. കുട്ടികൾ ചന്ദയുമായിട്ട് വരുമ്പോൾ, നിങ്ങൾക്കുവേണ്ടി നിങ്ങളുടെ പിതാവ് ചന്ദ തന്നിരിക്കുന്നുവെന്ന് പറയുന്ന സമയത്ത് പിതാവ് തന്നതിന്റെ പ്രതിഫലം പിതാവിനുണ്ടാകും, ഞങ്ങൾ ഞങ്ങളുടെ പോക്കറ്റ് മണിയിൽനിന്ന് സ്വയം ചന്ദ നല്കുന്നതാണ് എന്നു പറയുന്ന സംഭവങ്ങളുമുണ്ട്.

ഫ്രാൻസിലെ അമീർ സാഹിബ് എഴുതുന്നു. ഒരു സ്നേഹിതനോട് വഖ്ഫെ ജദീദ് ചന്ദയെക്കുറിച്ച് പറഞ്ഞപ്പോൾ പറയുന്നു: 'എന്റെ കൈയിലുണ്ടായിരുന്ന തുക മുഴുവൻ ഞാൻ ചന്ദ നല്കി. കുറച്ചുമാറ്റിവെക്കാൻ വീട്ടുകാർ പറഞ്ഞു. വീട്ടുചെലവ് എങ്ങനെ നടക്കുമെന്നും ചോദിച്ചു.' പറയുന്നു: 'ഞാൻ പറഞ്ഞു വഖ്ഫെ ജദീദ് ചന്ദ ഞാൻ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അതെന്തായാലും എനിക്ക് കൊടുക്കുകതന്നെ വേണം. വീട്ടിലെ കാര്യം അല്ലാഹു സ്വയം നോക്കിക്കൊള്ളും.' അദ്ദേഹം പറയുന്നു: 'അടുത്തമാസം സർക്കാരിന്റെ ആരോഗ്യവകുപ്പിൽനിന്ന്, താങ്കളുടെ മെഡിക്കൽ റിപ്പോർട്ട് കണ്ട് ഞങ്ങൾ താങ്കൾക്ക് രണ്ടുവർഷത്തെ ചെലവ് നല്കാൻ തീരുമാനിച്ചിരിക്കുന്നു എന്നറിയിച്ചുകൊണ്ടുള്ള

കത്ത് കിട്ടി. അതിനോടൊപ്പം മൂന്നുമാസത്തെ തുക അയച്ചുതരികയും ചെയ്തു. ആ തുക ഞാൻ വഖ്ഫെ ജദീദിന് നല്കിയതിനേക്കാൾ നൂറിരട്ടി അധികമായിരുന്നു. അല്ലാഹു തന്റെ അനുഗ്രഹവും കാരുണ്യവുംകൊണ്ട് ധനത്യാഗത്തിന്റെ ഫലം ഒരു മാസത്തിനുള്ളിൽതന്നെ നല്കി.'

യൂ കെ ലജ്ന തഹ്‌രീക്കെ ജദീദ് സെക്രട്ടറി പറയുന്നു: 'ഇവിടെത്തെ ഒരു ഹൽഖയുടെ വഖ്ഫെ ജദീദ് സെക്രട്ടറി അവരോടു പറഞ്ഞു: സാമ്പത്തികമായി കഴിവൊന്നുമില്ലാത്ത ഒരു സ്ത്രീയുണ്ട്. അവർക്ക് ചന്ദ കൊടുക്കാൻ ഒരു നിർവാഹവുമുണ്ടായിരുന്നില്ല. എങ്കിലും തനിക്കുകൊടുക്കാവുന്ന ഏറ്റവും കുറച്ച് തുക വാഗ്ദാനമെഴുതിച്ചു. ആ സ്ത്രീ പറയുന്നു, വാഗ്ദാനം എഴുതിച്ചതിനു ശേഷം അല്ലാഹുവേ! ഈ വാഗ്ദാനം പൂർത്തായാക്കാൻ കഴിവ് നല്കേണമേ എന്ന് അവർ ദുആ ചെയ്യാൻ തുടങ്ങി. അവർക്ക് തുന്നൽ അറിയാമായരുന്നു. അങ്ങനെ കുറച്ചു ദിവസങ്ങൾക്കു ശേഷം അവർക്ക് തുന്നുതിനുള്ള ഓർഡർ കിട്ടാൻ തുടങ്ങി. അതിനുശേഷം അവർക്ക് ചന്ദകൊടുക്കാനുള്ള കഴിവുണ്ടായി എന്നു മാത്രമല്ല അതുമുഖേന കൂടുതൽ വരുമാനവുമുണ്ടായി. അതുകൊണ്ട് അവർ അവരുടെ വാഗ്ദാനവും കൂട്ടി. ഇവിടെ ഇതുംകൂടി പറയട്ടെ, തഹ്‌രീക്കെ ജദീദിലും വഖ്ഫെ ജദീദിലും യു.കെ. ലജ്ന മാശാഅല്ലാഹ് അധ്വാനത്തോടും ധൈര്യത്തോടുംകൂടി തങ്ങളുടെ ടാർഗറ്റ് പൂർത്തിയാക്കിയെന്ന് മാത്രമല്ല ടാർഗറ്റിനെക്കാൾ വളരെ അധികം പണം അടക്കുകയും ചെയ്തു.

ബനിനിലെ അമീർ സാഹിബ് എഴുതുന്നു: 'ബനിനിലെ നോർത്തിലും സെന്ററിലും വൻതോതിൽ 'ഫൗലാനി' ഗോത്രക്കാരാണ് താമസിക്കുന്നത്. കഴിഞ്ഞവർഷങ്ങളിൽ ഈ ഗോത്രങ്ങളിൽനിന്നും ബയ്അത്തുകൾ ഉണ്ടായി. ഈ ഗോത്രത്തിലെ മൂന്ന് ഗ്രാമങ്ങൾ ഈ പ്രദേശത്തെ മൗലവിമാരുടെ എതിർപ്പുകളും ശക്തമായ സമ്മർദ്ദവുംകൊണ്ട് ബയ്അത്ത് ചെയ്ത് കുറച്ചുകാലത്തിനുശേഷം പിന്നാക്കം പോയിരുന്നു. ബുർക്കിനോഫാസോയിൽനിന്ന് ഫൗലാനി ഗോത്രവുമായി ബന്ധംവെക്കുന്ന ഒരു മുഅല്ലിമിനെ ബനിനിലേക്ക് അയച്ചിരുന്നു. അദ്ദേഹം ആ പ്രദേശവുമായി ബന്ധപ്പെട്ട് അവരുടെ തെറ്റായ ധാരണകൾ അകറ്റുന്നതിനുവേണ്ടിയായിരുന്നു അത്. അങ്ങനെ അദ്ദേഹം ഒരു മാസം ആ പ്രദേശത്ത് പ്രവർത്തിച്ചു. ഈ

മൂന്നു ഗ്രാമങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ വീണ്ടും വന്നു. അവരുടെ ഈമാനിൽ അഭിവൃദ്ധിയുണ്ടായി. ഈ മൂന്ന് ഗ്രാമങ്ങളും ഒരു വൻതുക ചെലവഴിച്ച് ബസ്സിൽ ബനിനിലെ ജൽസയിൽ പങ്കെടുത്തിരുന്നു. ജൽസ കഴിഞ്ഞ് അവർ തങ്ങളുടെ ഗ്രാമത്തിലെത്തി. കുറച്ചു ദിവസങ്ങൾക്കുശേഷം ജമാഅത്തിന്റെ മുഅല്ലിം അവരുടെ ഗ്രാമത്തിൽ പോയി. ഞാൻ പറഞ്ഞതായി അവരോട് പറഞ്ഞു: 'നവഅഹ്മദികളെ ധനത്യാഗത്തിൽ ചേർക്കു കയെന്നും അല്പമാണെങ്കിലും യ്വർ ചന്ദ കൊടുക്കണമെന്നും ഖലീഫത്തുൽമസീഹ് പറഞ്ഞിരിക്കുന്നു. ഇത് ഡിസംബർ മാസ മാണ്. വഖ്ഫെ ജദീദ് ചന്ദ അടച്ചുതീർക്കേണ്ട അവസാനമാസ മാണിത്.' പറയുന്നു. 'വണ്ടിച്ചെലവിനായി ഒരു വൻതുക അവർ ചെലവഴിച്ചിട്ടും ധനപരമായ ഞെരുക്കമുണ്ടായിട്ടും- പക്ഷേ, ഈ മാനിലുണ്ടായ ആവേശം കാരണത്താൽ ഈ കാര്യം കേട്ട് മൂന്ന് ഗ്രാമത്തിലേയും എല്ലാവരും വഖ്ഫെജദീദ് ചന്ദയിലും പങ്കെടു ക്കുകയുണ്ടായി. ഇപ്രകാരം ആ ഗോത്രത്തിൽ ഈ വേളയിൽ കുറഞ്ഞത് ആയിരം ബയ്അത്തുകളും നടന്നു.'

സാമ്പത്തിക ത്യാഗങ്ങളുടെ ചില ഉദാഹരണങ്ങളാണിത്. എത്ര മാത്രം തുടിപ്പോടുകൂടിയാണ് ഈ ആളുകൾ ചന്ദകൾ നല്കുന്നത്. അല്ലാഹു എങ്ങനെയാണ് വർധിപ്പിച്ചു തിരിച്ചു നല്കുന്നതെന്ന് ഒരുപാട് സംഭവങ്ങളിൽ നമ്മൾ കാണുകയുണ്ടായി. അല്ലാഹു സത്യമായ വാഗ്ദാനം ചെയ്യുന്നവനാണ്. ഈ സംഭവങ്ങൾ കണ്ടിട്ട് അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ സത്യത പ്രകടമാകുന്നതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് ഏതു രാജ്യത്താ ണെങ്കിലും വേണ്ടില്ല അല്ലാഹുവിന്റെ സഹായത്തിന്റെ ദൃശ്യങ്ങൾ ഉണ്ടാകുന്നതും നമുക്ക് കാണാൻ കഴിയുന്നു.

ഞാൻ മുമ്പേയും കഴിഞ്ഞ വർഷങ്ങളിലും പറഞ്ഞു കഴിഞ്ഞിട്ടു ള്ളതാണ്, വഖ്ഫെജദീദ് പദ്ധതി പാക്കിസ്താനു വെളിയിലുള്ള രാജ്യങ്ങളിൽ ആഫ്രിക്കയിലേയും ഭാരതത്തിലേയും പ്രവർത്തന ങ്ങൾ പ്രത്യേകമായ നിലയിൽ പൂർത്തീകരിക്കുന്നതിനായി ഹദ് റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തുടങ്ങിവെച്ചതായി രുന്നു. ആദ്യം പാക്കിസ്ഥാനുവെളിയിൽ പ്രത്യേകിച്ചും യൂറോപ്യ ൻ രാജ്യങ്ങളിൽ അല്ലെങ്കിൽ സമ്പന്ന രാഷ്ട്രങ്ങളിൽ അധികം ശക്തി ചെലുത്തിയിരുന്നില്ല. ഈ രാജ്യങ്ങളിൽനിന്നുള്ള ഈ തുക

ഇപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിലാണ് ചെലവഴിക്കപ്പെടുന്നത്.

ഇപ്പോൾ കുറച്ചു കണക്കുകൾ നിങ്ങളോടു പറയാനാഗ്രഹിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ആഫ്രിക്കയിലെ 18 രാജ്യങ്ങളിൽ 95 മസ്ജിദുകൾ നിർമാണത്തിലാണുള്ളത്. ചില വലിയ വലിയ മസ്ജിദുകളും നിർമിച്ചു വരുന്നുണ്ട്. കാരണം അവിടെ അംഗസംഖ്യ ഉയരുകയാണ്. ഇസ്‌ലാമിനെ പരിചയപ്പെടുത്തണമെങ്കിൽ, തബ്‌ലീഗ് ചെയ്യണമെങ്കിൽ മസ്ജിദുകൾ നിർമിക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദും(അ) പറയുകയുണ്ടായി. (മൽഫൂദാത്ത് വാല്യം 7 പേജ് 119, 1985 ലണ്ടൻ എഡിഷൻ)

ആഫ്രിക്കയ്ക്കു പുറമെയും ലോകത്ത് ഈ പ്രവർത്തനം നടന്നുവരുന്നു. ഇപ്പോൾ ആഫ്രിക്ക ഉൾപ്പെടെ ഏകദേശം 50 രാഷ്ട്രങ്ങളുണ്ട്. മറ്റു 7 രാജ്യങ്ങളുമുണ്ട്. ഇവിടെ ഈ വർഷം 204 പുതിയ മസ്ജിദുകൾ നിർമിച്ചു. ഇപ്രകാരംതന്നെ 184 മിഷൻ ഹൗസുകളും നിർമിക്കുകയുണ്ടായി. യൂറോപ്പിലേയും പാശ്ചാത്യൻരാജ്യങ്ങളിലേയും ചന്ദ വഖ്ഫെജദീദിന്റെ ഏകദേശം 80%വും ആഫ്രിക്കൻരാജ്യങ്ങളിലാണ് ചെലവഴിക്കപ്പെടുന്നത്. ആഫ്രിക്കൻ അഹ്മദീ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ സാമ്പത്തികത്യാഗമാണ് ചെയ്യുന്നത്. പക്ഷേ, അവരുടെ ആവശ്യങ്ങൾ അവിടെ ബയ്അത്തുകളുടെ എണ്ണം വർധിച്ചിട്ടും- നവഅഹ്മദികൾ ദരിദ്രരായതുകൊണ്ട് പൂർണമായും ചെലവുകൾ പൂർത്തിയാക്കാൻ കഴിയുന്നില്ല. അവർക്കെന്തായാലും സഹായം ആവശ്യമുണ്ട്. എങ്ങനെയാണ് അവർ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് സംഭവവിവരണങ്ങളിലും വിവരിക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, ഇവിടെ എതിരാളികൾ നവഅഹ്മദികളെ വിവിധ രീതിയിലുള്ള സമ്മർദ്ദങ്ങൾ ചെലുത്തി അകറ്റിക്കൊണ്ടുപോകാനും ശ്രമം നടത്തുന്നുണ്ട്. അത്തരം സംഭവങ്ങളും ഉണ്ടാകുന്നുണ്ട്. ദുർബലർ പിന്നാക്കം പോകുകയും ചെയ്യുന്നുണ്ട്. അത്തരം രണ്ടു സംഭവങ്ങളും ഞാൻ പറയുകയുണ്ടായി. പക്ഷേ, ഒന്നും വകവെക്കാതെ ഈമാനിൽ ശക്തമായി നിലകൊള്ളുന്നവരുമുണ്ട്.

ബയ്അത്ത് ചെയ്യിച്ചതിനുശേഷം അവരുമായി തുടർച്ചയായി ബന്ധം വെക്കുകയും എപ്പോഴും ബന്ധത്തെ ശക്തിപ്പെടുത്തിക്കൊണ്ടുപോകുകയും ചെയ്യുന്നതിനാണ് ജമാഅത്തുകളോട് ഞാനിതു പറഞ്ഞത്. ശിക്ഷണപരമായ വശവും മനസ്സിലാക്കുന്നതിന്

അവിടെ നിരന്തരം പോകുകയും തർബിയ്യത്ത് നടന്നുകൊണ്ടിരിക്കുകയും വേണം. ആഫ്രിക്കൻരാജ്യങ്ങളിൽ ദൂരെദൂരെ സ്ഥിതി ചെയ്യുന്ന ധാരാളം പ്രദേശങ്ങളുണ്ട്. വനത്തിലൂടെ യാത്ര ചെയ്ത് അവിടെ പോകേണ്ടിവരുന്നു. അവരുമായിട്ടുള്ള ബന്ധങ്ങളും ശക്തമായിരിക്കുകയില്ല. അല്ലെങ്കിൽ വളരെ ബുദ്ധിമുട്ടോടുകൂടിയാണ് അവിടെ ബന്ധപ്പെടാൻ കഴിയുന്നത്. ഇക്കാരണത്താൽ ദീർഘകാലം ആ ജമാഅത്തുകളുമായും അല്ലെങ്കിൽ പുതിയ അഹ്മദികളുമായും ബന്ധമുണ്ടാകുന്നില്ല. നിരന്തരം അവിടെ പോകാനും ബന്ധം നിലനിറുത്താനും മുബല്ലിഗുമാരുടെയും മുഅല്ലിമുമാരുടെയും കുറവും അവിടെയുണ്ട്. ബുദ്ധിമുട്ടിയാണെങ്കിലും അവിടെ പോകാം. പക്ഷേ, ഈ കുറവുകാരണത്താൽ അവിടെ പോകാനും സാധിക്കുന്നില്ല. അതുകൊണ്ട് ഒരുപാട് ബയ്അത്തുകൾ പാഴായിപ്പോകുന്നു. ജമാഅത്തുകൾ, പ്രത്യേകിച്ചും ഈ രാജ്യങ്ങളിലെ ജമാഅത്തുകൾ ഇക്കാര്യത്തിന് ഏർപ്പാടു ചെയ്യേണ്ടതാണ്. കുറഞ്ഞത് ആരംഭത്തിൽ ഒരുവർഷം പ്രത്യേകമായനിലയിൽ ഒരുപാടു ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ടാണ്, ഖിലാഫത്തിന്റെ ആദ്യ വർഷംതന്നെ അസംഖ്യം ബയ്അത്തുകൾ പാഴായിപ്പോകുന്നുവെന്നും മുമ്പേയുണ്ടായ ബയ്അത്തുകളുടെ കുറഞ്ഞത് 70% ബന്ധപ്പെട്ട് മടക്കിക്കൊണ്ടുവരണമെന്നും ഞാൻ പറഞ്ഞിരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന്റെ ഫലമായി ജമാഅത്തുകൾ പരിശ്രമിക്കുകയും ചെയ്തു. പ്രത്യേകിച്ചും ആഫ്രിക്കയിൽ നല്ല പരിശ്രമം നടത്തി. പിന്നീട് ബന്ധമുണ്ടായപ്പോൾ 'നിങ്ങൾ ബയ്അത്ത് ചെയ്യിച്ച് ഞങ്ങളെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു' എന്ന് അവർ പരാതിപ്പെട്ടു. മനസ്സുകൊണ്ട് അഹ്മദികളാണ്. മനസ്സുകൊണ്ട് അഹ്മദികളായ ഒരുപാടു പേരുണ്ടായിരുന്നു. പക്ഷേ, അഹ്മദിയ്യത്തിന്റെ തഅ്ലീമിനെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. തർബിയ്യത്തിന്റെ കുറവുണ്ടായിരുന്നു.

എന്തായാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷക്കണക്കിനാളുകളുമായി ബന്ധപ്പെടാൻ കഴിഞ്ഞു. അവർ തിരിച്ചുവന്നു. ഇപ്പോൾ അവരുടെ തർബിയ്യത്തിനുവേണ്ടി വ്യവസ്ഥാപിതമായ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. അതിൽ കൂടുതൽ ഉറപ്പു വരുത്തേണ്ട ആവശ്യമുണ്ട്. ബന്ധങ്ങൾ പുനഃസ്ഥാപിക്കുന്നതിൽ ഏറ്റവും കൂടുതൽ പ്രവർത്തിച്ചത് ഘാനയാണ്. രണ്ടാമത് നൈ

ജീരിയയാണ്. ഇപ്രകാരംതന്നെ മറ്റു ആഫ്രിക്കൻ രാജ്യങ്ങളുമുണ്ട്. തൻസാനിയായിൽ ഒരുപാട് കുറവുണ്ട്. അവരും തങ്ങളുടെ ബന്ധം കൂടുതൽ സജ്ജമാക്കാൻ പരിശ്രമിക്കേണ്ടതാണ്. കാരണം ഒരു കാലത്ത് അവിടേയും വൻതോതിൽ ബയ്അത്ത് നടന്നിരുന്നതായി പറയപ്പെടുന്നുണ്ട്. യൂറോപ്പിൽ 20 വർഷം മുമ്പേ അല്ലെങ്കിൽ അതിനെക്കാൾ മുമ്പേ ബോസ്നിയായുടെ അവസ്ഥ മോശമായപ്പോൾ ജർമനിയിൽ ധാരാളം ബോസ്നിയൻ ആളുകൾ വന്നിരുന്നു. അവരിൽ ഒരു ലക്ഷം പേർ ബയ്അത്ത് ചെയ്തിരുന്നുവെന്ന് പറയപ്പെടുന്നു. ഏകദേശം ഒരു ലക്ഷം ബോസ്നിയക്കാർ ബയ്അത്ത് ചെയ്തിരുന്നതായിട്ടാണ് പറയപ്പെടുന്നത്. എന്നാൽ, അവർ തങ്ങളുടെ നാട്ടിലേക്കു മടങ്ങിപ്പോയതിനുശേഷം ബന്ധമില്ലാതായി. അവർ എവിടെയാണെന്ന് അറിയാൻ കഴിഞ്ഞില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ആ രാജ്യങ്ങളിലും ബന്ധപ്പെടാൻ ശ്രമിക്കേണ്ട ആവശ്യമുണ്ട്. ഇപ്രകാരം ഭാരതത്തിലും ബന്ധപ്പെടുന്നുണ്ട്. പശ്ചിമബംഗാളിലും ബയ്അത്ത് നടന്നതായി പറയുന്നുണ്ട്. അവിടേയും അന്വേഷിക്കേണ്ട ആവശ്യമുണ്ട്.

നവഅഹ്മദികളെ ചന്ദാവ്യവസ്ഥിതിയിൽ കൊണ്ടുവരുമ്പോഴാണ് ശക്തമായ ബന്ധം നിലനില്ക്കുന്നത്. ശക്തമായ ഈമാനോടുകൂടി ജമാഅത്ത് വ്യവസ്ഥിതിയുമായി ബന്ധം നിലനില്ക്കുന്നു. അതുകൊണ്ടാണ് പുതിയതായി വരുന്നവരെ തഹ്രീക്കെജദീദിലും വഖ്ഫെജദീദിലും ചേർക്കാൻ ഞാൻ പറഞ്ഞത്. പഴയ ആളുകൾക്കും പറഞ്ഞുകൊടുക്കുക. ചില ജമാഅത്തുകൾ ഇക്കാര്യത്തിൽ കൂടുതൽ പ്രവർത്തനനിരതരാണ്. അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ, ഒരുപാട് സ്ഥലങ്ങളിൽ അലസതയുമുണ്ട്. ആരെങ്കിലും വർഷത്തിൽ 10 പെൻസാണ് തരാനാഗ്രഹിക്കുന്നതെങ്കിലും അത് അയാളിൽനിന്ന് വാങ്ങുക എന്ന് ഞാൻ പറഞ്ഞിരുന്നു. കുറഞ്ഞപക്ഷം അയാളുമായിട്ട് ഒരു ബന്ധം നിലനില്ക്കുമല്ലോ? ധനം ത്യാഗം ചെയ്യണമെന്ന് നമ്മൾ ഓരോരുത്തരും അറിഞ്ഞിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനം ത്യാഗം ചെയ്യുന്നവരുടെ അംഗസംഖ്യയിൽ എല്ലാ വർഷവും വർധന ഉണ്ടാകുന്നു. പക്ഷേ, എത്രയാണോ ഉണ്ടാകേണ്ടത് അത്രയും ഉണ്ടാകുന്നില്ല. ഉദാഹരണത്തിന് ഈ വർഷം വഖ്ഫെജദീദിൽ 85000 ന്റെ വർധനയുണ്ടായി. അൽഹംദുലില്ലാ

ഹ്. ധനത്യാഗത്തിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് ജമാഅത്തിന്റെ പുരോഗതിയുടെ നിലവാരമാണ്. എന്നാൽ, പരി ശ്രമിക്കുകയും ഈ വർഷം ബയ്അത്ത് ചെയ്യുന്നവരിൽനിന്ന് 20% മുതിർന്നവരേയും ചേർക്കാൻ ശ്രമിച്ചിരുന്നെങ്കിൽ ബയ്അത്തിന്റെ അടിസ്ഥാനത്തിൽതന്നെ ഒരു ലക്ഷത്തിപതിനായിരത്തിനുമേൽ വർധന ഉണ്ടാകേണ്ടതായിരുന്നു. അതിനാൽ പുരോഗതി അല്ലാ ഹുവിന്റെ അനുഗ്രഹത്താൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് ശരിതന്നെ. പക്ഷേ, അതിൽ ഇനിയും കൂടുതലിന് വകയുണ്ട്. അടുത്തവർഷം പുതിയതായി ജമാഅത്തുകൾക്ക്, അംഗങ്ങളെ ചേർക്കാനുള്ള ടാർഗറ്റ് വക്കാലത്തെ മാൽ മുഖേന ലഭിക്കുന്നതാ യിരിക്കും. ഈ ഭാഗത്തേക്ക് പൂർണമായും ശ്രദ്ധിക്കേണ്ടതാണ്.

എനിക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചെലവുകളെ കുറിച്ച് അതെങ്ങനെ പൂർത്തിയാക്കുമെന്ന വേവലാതിയില്ല. അല്ലാഹു ഇൻശാഅല്ലാഹ് അത് പൂർത്തിയാക്കുന്നതാണ്. ഇത് അവന്റെ വാഗ്ദാനമാണ്. നമുക്ക് കൂടുതലായി വേണ്ടത് തങ്ങളുടെ ഉള്ളിൽ ത്യാഗങ്ങളുടെ ആത്മാവുണ്ടാകുന്ന ആളുകളെയാണ്. അത് വർധി പ്പിക്കേണ്ട ആവശ്യമുണ്ട്. അതിനുവേണ്ടി ഭാരവാഹികളും ദുആ ചെയ്യുക. പരിശ്രമിക്കുക. മറ്റു സാധാരണ അഹ്മദികളും ബയ് അത്ത് ചെയ്ത് ബന്ധം വിച്ഛേദിച്ചവരുമായി ബന്ധവെക്കാനുള്ള പ്രവർത്തനം തുടർന്നുകൊണ്ടുപോകുക.

സൽപ്രകൃതക്കാരും, അല്ലാഹു രക്ഷിക്കാൻ ഉദ്ദേശിക്കുന്നവരും ഇൻശാഅല്ലാഹ് മടങ്ങി വരുന്നതാണ്. അല്ലാഹുവിന്റെ സമ്മാനം കരസ്ഥമാക്കിയതിനുശേഷം ദുർബലർ അകന്നുപോയിട്ടുണ്ടെങ്കിൽ നമുക്ക് അവരോട് തീർച്ചയായും സഹതാപമുണ്ട്. എന്നാൽ, ന മ്മുടെ എണ്ണം കുറവാണെന്നതിൽ നമുക്ക് ആശങ്കയൊന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദും(അ)ജമാഅത്തിൽ എണ്ണത്തെക്കാളുപ രി ആത്മാർഥതയിലും കൂറിലും ഉയർന്നു നില്ക്കുന്ന മുഖ്ലിസീം കൾ ഉണ്ടാകണമെന്നതിലാണ് കൂടുതൽ സമ്മർദം ചെലുത്തിയിട്ടു ള്ളത്. അത്തരക്കാർ ജമാഅത്തിൽ ജനിക്കേണ്ടതാണ്.

ധനത്യാഗത്തിൽ നിലവാരം ഉയർത്തിയ കാരണത്താൽ അവ രുടെ ആത്മാർഥത വിളിച്ചുപറയുന്ന സംഭവങ്ങളും നവഅഹ്മ ദികളിലും പഴയ അഹ്മദികളിലും ഉണ്ടാകുന്നുണ്ട്. അതുമുഖേന അവരുടെ ആത്മാർത്ഥതയുടെ നിലവാരം അറിയാൻ കഴിയുന്നു.

പക്ഷേ, ജമാഅത്തിന്റെ ഉത്തരവാദപ്പെട്ടവരും നഷ്ടപ്പെട്ടുപോകുന്നവരെക്കുറിച്ച് അറിയാൻ പൂർണമായും ശ്രമിക്കേണ്ടതാണ്. ഭാരതത്തിലും ഞാൻ പറഞ്ഞതുപോലെ ബംഗാൾ പ്രദേശത്ത് ബയ്അത്ത് നടന്നിരുന്നു. ബന്ധങ്ങൾ തകരുകയോ പിന്നാക്കം പോകുകയോ ചെയ്യുന്നവരുടെ കാരണങ്ങൾ അറിയാൻ പരിശോധിക്കുന്നതിനുള്ള പ്രോഗ്രാം ഉണ്ടാക്കേണ്ടതാണ്. ഭാവിയിൽ ആ കുറവുകൾ മുമ്പിൽവച്ചുകൊണ്ട് തബ്‌ലീഗിന്റേയും തർബിയ്യത്തിന്റേയും കൂട്ടായ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തന്നെ ബാക്കിയുള്ളവരും ഈ ശൈലിയിൽ ജോലി ചെയ്യേണ്ടതാണ്; ജമാഅത്തിൽ ചേരുന്നവരുമായി നമുക്കെങ്ങനെ പതിവായി ബന്ധപ്പെടാൻ കഴിയുമെന്ന് ചിന്തിക്കേണ്ടതാണ്; അവർ എത്ര ദൂരെയുള്ള പ്രദേശത്തുള്ളവരാണെങ്കിലും ബന്ധം നിലനിറുത്തേണ്ടത് വളരെ നിർബന്ധമാണ്. അല്ലാഹു ഈ ജോലികൾ ചെയ്യാൻ ജമാഅത്തുകൾക്ക് തൗഫീഖ് നല്കുമാറാകട്ടെ.

ഇനി ഞാൻ കീഴവഴക്കമനുസരിച്ച് ജനുവരിയുടെ ഒന്നാമത്തേയോ രണ്ടാമത്തേയോ ജുമുഅയിൽ വഖ്ഫെ ജദീദിന്റെ നവവത്സരപ്രഖ്യാപനം നടത്താറുണ്ട്. അതിന്റെ വിളംബരം നടത്തുകയാണ്. കഴിഞ്ഞ വർഷത്തെ കുറച്ചുകാര്യങ്ങളും നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. വഖ്ഫെ ജദീദിന്റെ 57-ാം വർഷം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുത്തുകൊണ്ട് ഡിസംബർ 31 ന് അവസാനിച്ചു. 58-ാം വർഷം ജനുവരി ഒന്നുമുതൽ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. അന്തർദേശീയ അഹ്മദിയ്യാ ജമാഅത്തിന് ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിൽ അറുപത്തിരണ്ട് ലക്ഷത്തി ഒമ്പതിനായിരം(6209000) പൗണ്ടിന്റെ ധനത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടി. ഇതു കഴിഞ്ഞ വർഷത്തെക്കാൾ ഏഴു ലക്ഷത്തി ഇരുപത്തിയൊന്നായിരം(721000) പൗണ്ട് അധികമാണ്. അൽഹംദുലില്ലാഹ്.

പാക്കിസ്ഥാൻ ഒന്നാം സ്ഥാനത്താണ്. കഴിഞ്ഞവർഷം ബ്രിട്ടൺ ഒന്നാം സ്ഥാനത്ത് വന്നിരുന്നു. അതിനുശേഷം ബ്രിട്ടൺ. പിന്നീട് അമേരിക്ക. അതിനുശേഷം ജർമനി. പിന്നീട് കാനഡ. അതുകഴിഞ്ഞ് ഭാരതം. പിന്നീട് ആസ്ത്രേലിയ. ആസ്ത്രേലിയായിലും മാശാഅല്ലാഹ് അംഗസംഖ്യ വർധിപ്പിക്കുന്ന കാര്യത്തിലും വസൂലിയുടെ കാര്യത്തിലും ഒരുപാട് പ്രവർത്തനം നടന്നിട്ടുണ്ട്. ആസ്ത്രേ

ലിയായ്ക്കുശേഷം മാശാഅല്ലാഹ് ഇന്തോനേഷ്യയാണ്. പിന്നീട് ദുബായ്, ബൽജിയം. പിന്നീടുള്ളത് ഒരു അറേബ്യൻ രാജ്യമാണ്.

കറൻസിയുടെ കണക്കനുസരിച്ച് വർധനയുണ്ടാക്കിയത് ഞാൻ പറഞ്ഞതുപോലെ ആസ്ത്രേലിയ പ്രത്യക്ഷമായ വർധനയുണ്ടാക്കി. അവർ 123% വർധനയാണുണ്ടാക്കിയത്. കാനഡ 21%. അതിനുശേഷം ഭാരതത്തിന്റെ 16%മോ 17%മോ ആണ്.

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ അമേരിക്കയാണ് ഒന്നാംസ്ഥാനത്തുള്ളത്. ആളോഹരി 70 പൗണ്ട്. സ്വിറ്റസർലന്റിന്റേത് 59 പൗണ്ടാണ്. ആസ്ത്രേലിയായുടേത് 56. യു.കെ യുടേത് 51 പൗണ്ടും. പിന്നീട് ബൽജിയം, ഫ്രാൻസ്, കാനഡ. ജർമനി. ഈ വലിയ ജമാഅത്തുകളിൽ ജർമനിയുടേത് ഏറ്റവും അവസാനമാണുള്ളത്.

## അംഗങ്ങളുടെ എണ്ണം

വഖ്ഫെജദീദിൽ അംഗങ്ങളുടെ എണ്ണം പതിനൊന്ന് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തിൽ(1129000) അധികമായി കഴിഞ്ഞിരിക്കുന്നു. വർധനയുടെ അടിസ്ഥാനത്തിൽ മാലി, ബെനിൻ, നൈജീരിയ. ബുർക്കിനാ ഫാസോ, ഗാംബിയ, കാമറൂൺ ജമാഅത്തുകൾ സ്മരണാർഹമാണ്.

മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ആഫ്രിക്കയിൽ ഘാനയാണ് മുന്നിൽ. പിന്നീട് നൈജീരിയായും മൗറീഷ്യസുമാണ്.

പ്രായപൂർത്തിയായവരിൽ പാക്കിസ്ഥാനിലെ ആദ്യത്തെ മൂന്നു ജമാഅത്തുകളിൽ ഒന്നാംസ്ഥാനം ലാഹോറിനാണ്. രണ്ട് റബ്വ. മൂന്ന് കറാച്ചി. അവിടെ പ്രായപൂർത്തിയായവരുടേയും അത്ഫാലിന്റേയും വെവ്വേറെ (ദഫ്തർ)ആണുള്ളത്.

ജില്ലകളുടെ പൊസിഷൻ ഇപ്രകാരമാണ്. റാവൽപിണ്ടി ഒന്നാം സ്ഥാനത്താണ്. പിന്നീട് ഫയ്സ്വലാബാദ്. സർഗോധ, ഗുജ്റൻവാല, ഗുജറാത്ത്, ഉമർക്കോട്ട്, മുൽത്താൻ, ഹൈദ്രാബാദ്, ബഹാവൽപൂർ, പിശാവർ.

അത്ഫാലിന്റെ മൂന്നു വലിയ ജമാഅത്തുകളിൽ ഒന്നാംസ്ഥാനം ലാഹോർ. രണ്ട് കറാച്ചി. മൂന്ന് റബ്വ.

അത്ഫാലിന്റെ അടിസ്ഥാനത്തിൽ ജില്ലകളുടെ പൊസിഷൻ ഇങ്ങനെയാണ്. സിയാൽക്കോട്ട്, റാവൽപിണ്ടി, ഫയ്സ്വലാബാദ്,

സർഗോധ, ഗുജ്റൻവാല, നാറോവാൽ, ഗുജ്റാത്ത്, ഉമർക്കോട്ട്, ഹൈദരബാദ്, ഡേറഗാസിഖാൻ.

മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തത്തിൽ ബ്രിട്ടനിലെ 10 വലിയ ജമാഅത്തുകൾ ബർമിംഗ്ഹാം വെസ്റ്റ്, റെൻസ്പാർക്ക്, മസ്ജിദ് ഫള്ൽ, ജലിംഗ്ഹാം, വോസ്റ്റർപാർക്ക്, ബർമിംഗ്ഹാം സെൻഡ്രൽ, വിംബിൾഡൺ പാർക്ക്, ന്യൂമോൾഡൻ, ഹോൻസലോ നോർത്ത്, ചീം.

റീജിയണിന്റെ പൊസിഷൻ ഇങ്ങനെയാണ്. ലണ്ടൻ റീജിയൺ ഒന്നാംസ്ഥാനം, മിഡ്ലാന്റ്സ്, മിഡിൽസേക്സ്, ഇസ്ലാമാബാദ്, നോർത്ത് ഈസ്റ്റും സൗത്ത് റീജിയണും.

ചെറിയ ജമാഅത്തുകൾ അഞ്ചെണ്ണം ഇതാണ്. സ്പൻവാലി, ലിമിംഗ്ടൺസിപാ, ബ്രാമിലെ & ലിയോഷം, സെക്കന്തോറപ്പും വെളൂർ ഹെയിംപട്ടനും.

വസൂലിയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ 10 ജമാഅത്തുകൾ. സെലിക്കോൻവാലി ഒന്നാം സ്ഥാനം. ഡേട്രായിട്ട്, സൈട്ടൽ, യാറിക്ഹേറിസ് ബർഗ്, ലോസ് ഏൻജലസ് ഈസ്റ്റ്, ബോസ്റ്റൺ, സെൻഡ്രൽ വെർജീനിയാ, ഡെൽസ്, ഹ്യൂസ്റ്റൺ, ഫലാഡൽഫിയ

ജർമിനിയിലെ 5 ലോക്കൽ ഇമാറത്തുകൾ ഇവയാണ്. ഒന്നാം സ്ഥാനം പർഹേംബർഗ്, ഫ്രാങ്ക് ഫോർട്ട്, ഗ്രോസ്ഗ്രാവോ, ഡാംസ്റ്റഡ്, വേസ്ബാൻ.

വസൂലിയുടെ അടിസ്ഥാനത്തിൽ 10 ജമാഅത്തുകൾ, റോഡർമാർക്, നോയിസ്, നിഡാ, ഫ്ളോറസ് ഹെയിം, കോളൊൺ, ഫരേഡ് ബർഗ്, കോബ്ലൻസ്, മഹ്ദിയാബാദ്, ഫുൽഡാ, ഹുനൂർ.

വസൂലിയുടെ അടിസ്ഥാനത്തിൽ കാനഡയിലെ വലിയ ജമാഅത്തുകൾ ഇവയാണ്. എഡ്മിന്റൺ, ഡർഹം, മിൽട്ടൺ ജോർജ് ടൗൺ, സ്കാട്ടോൻ സൗത്ത്, സ്കാട്ടോൻ നോർത്ത്.

ആസ്ത്രേലിയായിലെ പത്ത് ജമാഅത്തുകൾ ഇവയാണ്. ഒന്നാം സ്ഥാനം ബ്ലായ്ടൗൺ, മൽബറൻ, മൗണ്ട് ഡ്രായിറ്റ്, എഡീൽഡ്, മാർഡീസൻപാർക്ക്, ബർസ്ബൻ, കേംബ്രെ, പർഥ്, തസ്മാനിയാ, ഡാർവിൻ.

വസൂലിയുടെ അടിസ്ഥാനത്തിൽ ഭാരതത്തിലെ സംസ്ഥാനങ്ങളിൽ ആദ്യത്തെ പത്തു ജമാഅത്തുകൾ ഇവയാണ്: കേരളം ഒന്നാംസ്ഥാനത്താണ്. ജമ്മു കശ്മീർ, തമിൾനാട്, ആന്ധ്രപ്രദേശ്,

വെസ്റ്റ് ബംഗാൾ, ഒഡീഷ, കർണാടക, ഖാദിയാൻ പഞ്ചാബ്, ഉത്തരപ്രദേശ്, മഹാരാഷ്ട്ര, ബിഹാർ, ലക്ഷദ്വീപ്, രാജസ്ഥാൻ.

വസൂലിയുടെ അടിസ്ഥാനത്തിൽ ഭാരതത്തിലെ ജമാഅത്തുകൾ കരുളായ്, കോഴിക്കോട്, ഹൈദരബാദ്, കൊൽക്കത്ത, ഖാദിയാൻ, കണ്ണൂർ ടൗൺ, സൂലൂർ, പഴയങ്ങാടി, ചെന്നൈ, ബംഗ്ലുരു. അവസാനത്തിൽ മൂന്നു ജമാഅത്തുകളുണ്ട്. കരുനാഗപ്പള്ളി, പത്തപ്പിരിയം, കേരംഗ്.

ആസ്ത്രേലിയായിലെ പത്തു ജമാഅത്തുകൾ ഇവയാണ്: ഒന്നാം സ്ഥാനത്ത് ബ്ലാക്ടൗൺ, മൽബറൺ, മൗണ്ട് ഡ്രായിറ്റ്, എഡിലഡ്, മാർസീഡൻപാർക്ക്, ബർസ്ബൻ, കേംബ്രാ, പർഥ്, തസ്മാനിയ, ഡാർവിൻ.

അല്ലാഹുത്തആല ത്യാഗം ചെയ്തവരുടെയെല്ലാം ധനത്തിലും പ്രാണനിലും അതിരറ്റ അനുഗ്രഹം നല്കുമാറാകട്ടെ.

അവസാനം ദുആയിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്. പാക്കിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. റബ്വയിലും കുറച്ചു ദിവസമായി എതിരാളികളും ശത്രുക്കളും അവസ്ഥകൾ പ്രക്ഷുബ്ധമാക്കാൻവേണ്ടി കഠിനശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു അവരുടെ ശർറിൽനിന്ന് എല്ലാ അഹ്മദികളേയും രക്ഷിക്കുമാറാകട്ടെ. അവരുടെ ശർറ് അവരിലേക്ക് തന്നെ മറിക്കുമാറാകട്ടെ. റബ്വയിൽ ശാന്തിയുടേയും സമാധാനത്തിന്റേയും അവസ്ഥ നിലനില്ക്കുമാറാകട്ടെ. ശരിയായ നിലയിൽ ഇക്കാര്യം കൈകാര്യം ചെയ്യാൻ അല്ലാഹു ഭരണകാർത്താക്കൾക്കും സർക്കാറിനും ബുദ്ധി നല്കുമാറാകട്ടെ.

ഇപ്രകാരംതന്നെ മുസ്‌ലിം ലോകത്തിനും യൂറോപ്പിൽ വസിക്കുന്ന മുസ്‌ലീംകൾക്കുവേണ്ടിയും ദുആ ചെയ്യുക. ഫ്രാൻസിൽ ക്രൂരമായ ഒരു സംഭവം ഉണ്ടായിരിക്കുന്നു. അതിന് ഇസ്‌ലാമികാധ്യാപനങ്ങളുമായിട്ട് വിദൂര ബന്ധംപോലുമില്ല. നിയമം കൈയിലെടുത്ത് ആരെയെങ്കിലും ഇങ്ങനെ വധിക്കുന്നതും കൊല്ലുന്നതും ഇസ്‌ലാമികാധ്യാപനവുമായി ഒരു ബന്ധവുമില്ലാത്ത കാര്യമാണെന്ന് നമ്മൾ എപ്പോഴും പറഞ്ഞു വരുന്നതാണ്; സ്ഥാപിക്കുന്നതുമാണ്. പക്ഷേ, എന്നിട്ടും നാമധാരികളായ മുസ്‌ലീംസംഘടനകൾ തങ്ങളുടെ പ്രവർത്തനങ്ങളിൽനിന്നും അക്രമങ്ങളിൽനിന്നും പിന്മാറുന്നില്ല. ഇതിന്റെ ഫലമായി ഇവിടെ യൂറോപ്യൻ രാജ്യങ്ങളിലോ

പാശ്ചാത്യൻ രാജ്യങ്ങളിലോ വസിക്കുന്ന മുസ്‌ലീംകൾക്കും ആ രാജ്യങ്ങളിലെ തദ്ദേശ ജനങ്ങളിൽനിന്ന് പ്രതിഷേധം നേരിടേണ്ട തായി വരാം. ഇതുമാത്രമല്ല ഈ പ്രതിഷേധംകൊണ്ട് ഈ പത്ര ത്തേയും-അതിനെതിരിലാണല്ലോ അക്രമം ഉണ്ടായത്-അതിന്റെ പത്രാധിപരേയും ആളുകളേയും അക്രമം ചെയ്ത് വധിച്ചകാരണ ത്താൽ ഈ പത്രവും ഇവിടെത്തെ ആളുകളും ഇവിടെത്തെ പ്രസ്സും നബി(സ)തിരുമേനിയുടെമേൽ തെറ്റായ നിലയിൽ ആക്രമണം നടത്താനും സാധ്യതയുണ്ട്.

തെറ്റായ നിലയിലുള്ള പ്രതിഷേധങ്ങൾ തടയാൻ ഇവിടെത്തെ സർക്കാറിനും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. കുറ്റവാളി കളെ പിടിക്കുകയും നിയമപരമായി ശിക്ഷിക്കുകയും ചെയ്യട്ടെ. എന്നാൽ, തെറ്റായ പ്രതികരണമുണ്ടായാൽ മനസ്സിലാക്കികൊ ടുക്കാൻ ഒരു നായകനുമില്ലാത്ത മുസ്‌ലീംകൾ വീണ്ടും പ്രതിക രിച്ചേക്കും. അങ്ങനെ കുഴപ്പങ്ങളുടേയും കലഹങ്ങളുടേയും പ രമ്പര വർദ്ധിച്ചുകൊണ്ടേ പോകും. അതു വർധിക്കുമോ എന്നുള്ള ആശങ്കയുമുണ്ട്.

ഇന്ന് അഹ്‌മദിയ്യാ ജമാഅത്തിലെ അംഗങ്ങളുടെതന്നെ ജോലിയാ ണ് ഇരുകൂട്ടരേയും അക്രമങ്ങളിൽനിന്ന് രക്ഷപ്പെടുത്താൻവേണ്ടി ദുആ ചെയ്യുക എന്നത്. ഇപ്രകാരംതന്നെ അധികമായി സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കാൻ ശ്രമിക്കുക. തങ്ങളുടെ വൃത്തത്തിൽ സമാ ധാനാന്തരീക്ഷം ഉണ്ടാക്കാൻ സാധിക്കുന്നവർ അതിനുവേണ്ടി ശ്രമിക്കേണ്ടതാണ്. അല്ലാഹു ലോകത്തെ കുഴപ്പങ്ങളിൽനിന്ന് ര ക്ഷിക്കുകയും കുഴപ്പത്തിന്റെ ഈ അവസ്ഥ എത്രയും വേഗം സമാ ധാനത്തിലേക്ക് മാറ്റുകയും ചെയ്യുമാറാകട്ടെ.

## നിങ്ങൾക്കറിയുമോ?

● 1957 ഡിസംബർ 27ന് ഖലീഫത്തുൽ മസീഹ് ഥാനീ ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ്(റ) വഖ്ഫെജദീദ് സ്ഥാപി ച്ചു. വഖ്ഫെജദീദ് സ്ഥാപിച്ചതിന്റെ യഥാർത്ഥ ഉദ്ദേശ്യം മുഅല്ലിമീം കളുടെ വല വീശികൊണ്ട് തഅ്‌ലീമും തർബിയ്യത്തും തബ്‌ലീഗു മാണ്- മതവിദ്യാഭ്യാസം, ശിക്ഷണം, പ്രബോധനം.

●വഖ്ഫെജദീദിനെക്കുറിച്ച് ഹദ്‌റത്ത് ഖലീഫത്തുൽ മസീ ഹ് ഥാനീ(റ) പറഞ്ഞു: 'ഇത് അല്ലാഹുവിന്റെ ജോലിയാണ്. തീർച്ചയായും ഇത് പൂർണമാകും.... ഇതിനുവേണ്ടി എന്റെ

വീടും വസ്ത്രങ്ങളും വില്ക്കേണ്ടിവന്നാലും ഞാൻ ഈ നിർബന്ധകടമ പൂർത്തിയാക്കുന്നതാണ്.

● ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) വഖ്ഫെ ജദീദിനെക്കുറിച്ച് പറഞ്ഞു: "ഈ പദ്ധതി (വഖ്ഫെജദീദ്) എത്ര മാത്രം ശക്തമാകുമോ അതനുസരിച്ച് ദൈവാനുഗ്രഹത്താൽ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായയുടെയും തഹ്രീക്കെജദീദിന്റെയും ചന്ദകളിലും വർദ്ധനവുണ്ടാകുന്നതണ്."

●ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(മൂന്നാമൻ) റഹ്മത്തുല്ലാഹി അലയ്ഹി 1966 ഒക്ടോബർ 17ന് വഖ്ഫെജദീദിന്റെ ദഫ്തറെ അത്ഫാൽ വിളംബരം ചെയ്തു. വഖ്ഫെജദീദിന്റെ ദഫ്തറെ അത്ഫാലിൽ 15 വയസ്സിനു താഴെയുള്ള ആൺകുട്ടികളും പെൺകുട്ടികളും ചേരാനും ആഹ്വാനം ചെയ്തു.

● വഖ്ഫെജദീദിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)പറഞ്ഞു:"കുട്ടികളേ! എഴുന്നേല്ക്കുവിൻ. മുന്നോട്ടു കുതിക്കുവിൻ. നിങ്ങളുടെ മുതിർന്നവരുടെ അശ്രദ്ധ കാരണത്താൽ വഖ്ഫെജദീദിന്റെ പ്രവർത്തനത്തിൽ ഉണ്ടായിരിക്കുന്ന വിടവ് നിങ്ങൾ നികത്തുവിൻ. ഈ പദ്ധതിയെ ബാധിച്ചിട്ടുള്ള ആ ദുർബലതകൾ അകറ്റുകയും ചെയ്യുവിൻ.

● വഖ്ഫെ ജദീദിൽ ആരംഭകാലത്ത് 10 മുഅല്ലിമീംകളാണ് നിയോഗിക്കപ്പെട്ടിരുന്നത്.

● 2014 വർഷം ഭാരതത്തിൽ വഖ്ഫെജദീദിൽ ചന്ദ കൊടുത്തവരുടെ അംഗസംഖ്യ 83630 ആണ്.

● 2014 വർഷം ഭാരതത്തിൽ 2,52,32,206(രണ്ടുകോടി അമ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഇരുന്നൂറ്റി ആറ്) രൂപ ചന്ദ വഖ്ഫെ ജദീദ് പിരിഞ്ഞു. 2008 ജനുവരി 4ന് ചെയ്ത ജുമുഅ ഖുത്ബയിൽ നമ്മുടെ ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് പറഞ്ഞു: '2007ൽ മുഴുലോകത്തും വഖ്ഫെ ജദീദിന്റെ ചന്ദ തഹ്രീക്കെജദീദിനെ അപേക്ഷിച്ച് ഇരട്ടി വസൂലാകുകയുണ്ടായി.'

● ഭാരതം മുഴുലോകത്തുംവച്ച് വഖ്ഫെജദീദ് ചന്ദ പിരിഞ്ഞ

തിന്റെ അടിസ്ഥാനത്തിൽ ആറാം സ്ഥാനത്താണ്.

● നിർബന്ധമായ എല്ലാ ചന്ദകളും തോതനുസരിച്ച് നൽകിയശേഷം ലക്ഷക്കണക്കിന് രൂപ ചന്ദ വഖ്ഫെ ജദീദിൽ കൊടുക്കുന്ന ആത്മാർത്ഥരായ പ്രത്യേക സഹായികളും ഭാരതത്തിലുണ്ട്.

● വഖ്ഫെജദീദിനുവേണ്ടി നമ്മുടെ ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് പറഞ്ഞു: "വഖ്ഫെ ജദീദിന്റെ ചുമതല അത്ഫാലുൽ അഹ്മദിയ്യായെ ഏല്പിക്കുക. 'നന്നെ മുജാഹിദ് മിഅ്യാരെ അവ്വലി'ന് ഇരുന്നൂറ് രൂപയും 'മിഅ്യാരെദോമി'ന് 100 രൂപയും നിജപ്പെടുത്തുക. അവരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി എനിക്ക് അയക്കുക. മറ്റുള്ള എല്ലാ ഓരോരുത്തരേയും ഇതിൽ ചേർക്കുക.

● ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് മിർസാ ത്വാഹിർ അഹ്മദ്(റഹ്) പറയുന്നു: 'സ്വന്തം അവസ്ഥകൾ പരിശോധിക്കുക. നിങ്ങളിൽനിന്ന് അല്ലാഹു അധികമായി സമ്പത്ത് നല്കിയിട്ടുള്ള ഭാഗ്യവാന്മാർ പരിശോധിക്കേണ്ടത്, അല്ലാഹു അവരിൽ അനുഗ്രഹം ചൊരിഞ്ഞതിനനുസരിച്ച് ദൈവസന്നിധിയിലെ ധനത്യാഗത്തിന് അവർ ലബ്ബൈക്ക് പറയുന്നുണ്ടോ എന്നാണ്.'

● വഖ്ഫെ ജദീദിനുവേണ്ടി ഹദ്റത്ത് മുസ്ലിഹ് മൗഊദ് നവ്വറല്ലാഹു മർഖദഹുവിന്റെ വാക്കുകളിൽ നിങ്ങളോട് അവസാനമായി അഭ്യർത്ഥിക്കുകയാണ്, "വഖ്ഫെജദീദിനെ ശക്തിപ്പെടുത്തുക. മനക്കരുത്ത് കാണിക്കുക അല്ലാഹു അനുഗ്രഹിക്കുന്നതായിരിക്കും. സത്യദീനിനെ ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുക........വഖ്ഫെജദീദിന്റെ പ്രവർത്തനം ഒരുപാട് വ്യാപിച്ചുകൊണ്ടിരിക്കുന്നു. സ്നേഹിതന്മാർ ഇതിൽ സജീവമായി പങ്കെടുക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് കഴിവ് നല്കുകയും പ്രവർത്തനത്തിൽ അനുഗ്രഹം ചൊരിയുകയും ചെയ്യുമാറാകട്ടെ. ആമീൻ.

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ**

## മാർഗനിർദ്ദേശങ്ങൾ

ഇസ്‌ലാമിനെ സഹായിക്കാൻ നിങ്ങൾ നിങ്ങളുടെ ദാനശീലതയുടെ കൈ നിവർത്തിയാലുടൻ നിങ്ങൾക്കുവേണ്ടിയും ഖുദ്റത്തിന്റെ കൈ പ്രത്യക്ഷപ്പെടുന്നതാണ്. അവന്റെ വഴിയിൽ ചെലവഴിക്കുന്നതുകൊണ്ട് ആരും ദരിദ്രരാവുകയില്ല. ചെലവഴിക്കാൻ തന്റേടമുണ്ടായാൽ അല്ലാഹു സ്വയംതന്നെ സഹായിയായിത്തീരുന്നു."

'ഉപജീവനമാർഗത്തിന്റെ ഞെരുക്കങ്ങളിൽനിന്നും മറ്റു ഞെരുക്കങ്ങളിൽനിന്നും മോചനത്തിനുള്ള വഴി തഖ്‌വ തന്നെയാണ്....... സത്യനിഷേധികളുടെ കൈയിലും ധനവും സമ്പത്തും സ്വത്തുമുണ്ടെന്നും അവർ തങ്ങളുടെ ആഢംബരജീവിതത്തിൽ ലയിച്ചും മതിച്ചും ഇരിക്കുകയാണെന്നും ആരും പറയരുത്. ഞാൻ നിങ്ങളോട് സത്യമായും പറയുന്നു. അവർ ലോകത്തിന്റെ കണ്ണുകളിൽ എന്നല്ല നിസ്സാരരായ ലൗകികരുടെയും ബാഹ്യമോടികൾക്ക് പ്രാധാന്യം നല്കുന്നവരുടെയും കണ്ണുകൾക്ക് സന്തോഷവാന്മാരായി തോന്നുകയാണ്. എന്നാൽ, യഥാർത്ഥത്തിൽ അവർ ഒരു പുകച്ചിലിലും ക്ലേശത്തിലുമാണുള്ളത്. നിങ്ങൾ അവരുടെ ബാഹ്യരൂപമാണ് കാണുന്നത്. എന്നാൽ, ഞാൻ അത്തരക്കാരുടെ മനസ്സുകളിലാണ് ദൃഷ്ടി പതിപ്പിക്കുന്നത്. അവർ ഒരു എരിയുന്ന തീയിലും ചങ്ങലകളിലും വിലങ്ങുകളിലും വരിഞ്ഞുകെട്ടി കിടക്കുകയാണ്."
(അൽഹക്കം, വാള്യം 5, നമ്പർ 11, 1901, മാർച്ച് 24, പേജ് 3)

'ആരാണോ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നത് അല്ലാഹു അവനറിയാത്ത വഴിയിലൂടെ ഭക്ഷണസാധനം എത്തിക്കുന്നതാണ്. ഭക്ഷണസാധനത്തെ പ്രത്യേകമായ നിലയിൽ പറയാൻ കാരണം ഒരുപാടാളുകൾ നിഷിദ്ധമായ ധനം സ്വരുക്കൂട്ടുന്നതുകൊണ്ടാണ്. അവർ അല്ലാഹുവിന്റെ കല്പനകളനുസരിച്ചും തഖ്‌വയോടുകൂടിയും പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹു സ്വയം അവർക്ക് ഭക്ഷണസാധനം എത്തിക്കുന്നതായിരിക്കും."
(മൽഫൂസാത്ത്, വാള്യം 3, പേജ് 374)

'യഥാർത്ഥ അന്നദാതാവ് അല്ലാഹുവാണ്. അവനിൽ സർവവും സമർപ്പിക്കുന്നവന് ഒരിക്കലും ഭക്ഷണസാധനം തടയപ്പെടുകയില്ല. അവൻ എല്ലാവിധത്തിലും എല്ലാ സ്ഥലത്തുനിന്നും തന്നിൽ ഭരമേല്പിക്കുന്ന വ്യക്തിക്ക് ഭക്ഷണസാധനം എത്തിക്കുന്നു. അല്ലാഹു

പറയുന്നു: ആരാണോ എന്നിൽ വിശ്വസിക്കുകയും ഭരമേല്പിക്കുകയും ചെയ്യുന്നത് ഞാൻ അവനുവേണ്ടി ആകാശത്തുനിന്ന് വർഷിക്കുകയും കാലിന്നടിയിൽനിന്ന് പുറത്തുകൊണ്ടുവരികയും ചെയ്യുന്നു. അതുകൊണ്ട് എല്ലാവരും അല്ലാഹുവിൽ വിശ്വസിക്കേണ്ടതാണ്."(ബദ്ർ, വാള്യം 6, നമ്പർ 38, 1907 സെപ്തംബർ 19, പേജ് 7)

'ഇസ്ലാമിനെ സഹായിക്കുന്നതിൽ നിങ്ങൾ നിങ്ങളുടെ ദാനശീലതയുടെ കൈ നിവർത്തിയാൽ ഉടൻ നിങ്ങൾക്കു വേണ്ടിയും ഖുദ്റത്തിന്റെ കൈ പ്രത്യക്ഷപ്പെടുന്നതാണ്. അവന്റെ വഴിയിൽ ചെലവഴിക്കുന്നതുകൊണ്ട് ആരും ദരിദ്രരാവുകയില്ല. ചെലവഴിക്കാൻ തന്റേടമുണ്ടായാൽ അല്ലാഹു സ്വയം സഹായിയായിത്തീരുന്നതാണ്. നബി(സ) തിരുമേനിയുടെ അൻസ്വാറിലേക്ക് നോക്കുക എങ്ങനെയാണ് അവർ പ്രവർത്തിച്ചിരുന്നതെന്ന്. ദീനിനെ സഹായിക്കുന്നതുകൊണ്ട് സമ്പത്തിന്റെ ഉറവ് ഉണ്ടാകുന്നുവെന്ന് നിങ്ങളറിയാൻ.

'ഇതൊരു അനുഗൃഹീതനേരമാണ്. നിങ്ങളിൽ നൂറ്റാണ്ടുകളായി ഉമ്മത്തുകൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്ന അല്ലാഹുവിന്റെ ആ സന്ദേശവാഹകനുണ്ട്. നിത്യവും അല്ലാഹുവിന്റെ പുതിയ സുവാർത്തകളെക്കൊണ്ട് നിറഞ്ഞ ചൂടുള്ള വഹ്യ് ഇറങ്ങിക്കൊണ്ടിരിക്കുന്നു. തന്റെ പ്രിയപ്പെട്ട ധനം ഈ വഴിയിൽ ചെലവഴിക്കുന്ന വ്യക്തിയാണ് യഥാർത്ഥത്തിലും ഖണ്ഡിതമായ നിലയിലും ഈ ജമാഅത്തിൽ ഉൾപ്പെട്ടവനായി മനസ്സിലാക്കപ്പെടുന്നതെന്ന് അല്ലാഹു നിരന്തരം പ്രകടിപ്പിച്ചിരിക്കുന്നു." (മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 2, പേജ് 613, ഇശ്തിഹാറാത്ത് സെപ്തംബർ 1903)

'ഞാൻ ആവർത്തിച്ചാവർത്തിച്ച് താക്കീത് ചെയ്യുന്നത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാനാണ്. ഇത് അല്ലാഹുവിന്റെ കല്പനയാലാണ്. കാരണം ഇപ്പോൾ ഈ നേരത്ത് അത് അധഃപതനാവസ്ഥയിലാണുള്ളത്........ അതുകൊണ്ട് അതിന്റെ അഭ്യുന്നതിക്കായി ശ്രമിക്കൽ അല്ലാഹുവിന്റെ കല്പനയും ഇച്ഛ നടപ്പാക്കലുമാണ്. അതിനാൽ ഈ വഴിയിൽ എന്തൊന്ന് ചെലവഴിച്ചാലും അവൻ കേൾക്കുന്നവനും കാണുന്നവനുമാണ്. അല്ലാഹുവിനുവേണ്ടി കൊടുക്കുന്നവന് താൻ കുറേയിരട്ടി അനുഗ്രഹം കൊടുക്കുമെന്നത് അല്ലാഹുവിൽനിന്നുള്ള വാഗ്ദാനമാണ്. ഇഹലോകത്തുതന്നെ അവന് ഒരുപാട് കിട്ടുന്നതാണ്. മരിച്ചതിനുശേഷം ആഖിറത്തിലെ പ്രതിഫലവും കാണുന്നതായിരിക്കും. അതായത് എത്രത്തോളം

സൗഖ്യമാണ് ലഭിച്ചതെന്ന്! ചുരുക്കത്തിൽ ഈ നേരത്ത് ഇസ്‌ലാമിന്റെ അഭ്യുന്നതിക്കുവേണ്ടി നിങ്ങളുടെ ധനം ചെലവഴിക്കാൻ ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്." (മൽഫൂദാത്ത് വാള്യം 5, പേജ് 669)

'സേവനം ചെയ്യാനുള്ള സമയമിതാണ്. പിന്നീട് ഒരു കാലം വരുന്നുണ്ട്. അന്ന് സ്വർണത്തിന്റെ മലതന്നെ ചെലവഴിച്ചാലും ഇപ്പോൾ ചെലവഴിക്കുന്ന പൈസകൾക്ക് തുല്യമാവുകയില്ല....തന്റെ പ്രിയപ്പെട്ട ധനം ഈ വഴിയിൽ ചെലവഴിക്കുന്നവനാണ് യഥാർത്ഥത്തിലും ഖണ്ഡിതമായ നിലയിലും ഈ ജമാഅത്തിൽ പ്രവേശിച്ചവനായി മനസ്സിലക്കപ്പെടുന്നതെന്ന് അല്ലാഹു നിരന്തരം വെളിപ്പെടുത്തിയിട്ടുണ്ട്." (മജ്മൂആ ഇശ്തിഹാറാത്ത്, പുതിയ പതിപ്പ്, വാള്യം 2, പേജ് 613, ഇശ്തിഹാറാത്ത് സെപ്തംബർ 1903)

സക്കാത്ത് നല്കുന്നവർ ഇവിടെ തങ്ങളുടെ സക്കാത്ത് അയക്കേണ്ടതാണ്. എല്ലാ ഓരോരുത്തരും വ്യർത്ഥമായ ചെലവുകളിൽനിന്ന് തങ്ങളെ കാത്തുകൊള്ളേണ്ടതാണ്. ഈ വഴികളിൽ നിങ്ങളുടെ പണം ഇറക്കുക. ദൈവാനുഗ്രഹത്തിന്റേയും സത്യത്തിന്റെ ആത്മാവിന്റെയും പാരിതോഷികം പ്രാപിക്കാൻ സത്യസന്ധത കാണിക്കുക. കാരണം ഈ ജമാഅത്തിൽ പ്രവേശിച്ചവർക്കായിട്ടാണ് ഈ സമ്മാനം തയ്യാറാക്കിയിട്ടുള്ളത്." (കശ്തിയെനൂഹ്, റൂഹാനിഖസായിൻ, വാള്യം 19, പേജ് 83)

'നമ്മുടെ ജമാഅത്തിലെ എല്ലാ ഓരോ വ്യക്തിയും താൻ തന്റെ ചന്ദ നല്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. കാരണം ആരാണോ അല്ലാഹുവിനുവേണ്ടി പ്രതിജ്ഞ ചെയ്യുന്നത് അല്ലാഹു അവന്റെ ഉപജീവനത്തിൽ അനുഗ്രഹം നല്കുന്നതായിരിക്കും." (മൽഫൂദാത്ത്, വാള്യം 3, പേജ് 360)

# വഖ്ഫെജദീദിന്റെ പശ്ചാത്തലം

## ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ നിർദ്ദേശങ്ങൾ

### ശിക്ഷണപരമായ ബലഹീനതയും ധാർമികാധഃപതനവും

'വഖ്ഫെജദീദിന്റെ ഒരു പശ്ചാത്തലം ഇന്ത്യ-പാക്ക് വിഭജനത്തിനുശേഷം പല കാരണത്താൽ ഭയാനകമായ പരിധിവരെ വർദ്ധിച്ച ശിക്ഷണപരമായ ദൗർബല്യവും ധാർമ്മികമായ തകർച്ചയുമാണ്. ഹദ്റത്ത് അൽമുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് ഥാനീ(റ) തന്റെ ദൈവദത്തമായ സൂക്ഷ്മബുദ്ധികൊണ്ട് ഈ അപകടത്തെ

ഗഹനമായി മനസ്സിലാക്കി അതിനെ യഥാർത്ഥ സമയത്ത് തടഞ്ഞില്ലായിരുന്നെങ്കിൽ അനിയന്ത്രിതമായി പോകുമായിരുന്ന ഒരു ഭയാനകരൂപം പ്രാപിക്കുമായിരുന്നു. ഇസ്ലാമിനെ വിദേശരാജ്യങ്ങളിലും അന്യമതങ്ങളിലും വ്യാപിപ്പിക്കുന്നതിൽ വിജയിപ്പിക്കുന്നതിനു മുമ്പേ (അല്ലാഹുവിൽ അഭയം) നമ്മൾ സ്വയം ആദ്യന്തം സന്മാർഗത്തെ ആശ്രയിക്കുന്നവരായി കഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. അത്തരം പരിതഃസ്ഥിതിയിൽ നമ്മൾ സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നവർ നമ്മുടെ സന്ദേശങ്ങളെ തൊഴിച്ചുനീക്കി വളരെ പരിഹാസത്തോടെ ***PHYSICIAN HEAL THYSELF*** 'വൈദ്യരേ! ആദ്യം താങ്കൾ താങ്കളെ ചികിത്സിക്കുക" എന്നു പറയാൻ ഇടയാകുമായിരുന്നു. (സവാനഹെ ഫദ്ലെ ഉമർ, വാള്യം 3, പേജ് 349)

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരാഗ്രഹം

രണ്ടാമത്തെ പശ്ചാത്തലം ഈ തൽക്ഷണവും അതിരൂക്ഷവുമായ ആവശ്യത്തിന് വളരെ മുമ്പേയുള്ളതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ആഗ്രഹവുമായി ബന്ധപ്പെട്ടതുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ താഴെ ചേർക്കുന്ന വാക്കുകളിൽനിന്ന് സഹോദരന്മാർക്ക് അത് നല്ലവണ്ണം വ്യക്തമാകുന്നതാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയും വഖ്ഫെജദീദ് പോലുള്ള ഒരു വ്യവസ്ഥിതി ഉപഭൂഖണ്ഡമായ ഇന്ത്യയിലും പാക്കിസ്ഥാനിലും നടപ്പിൽ വരുത്താനാഗ്രഹിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇസ്ലാം ദീൻ പ്രചരിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യാ രാജ്യത്ത് എല്ലായിടത്തും ഉപദേശകരേയും സംവദിക്കുന്നവരേയും നിയമിക്കുകയും ഇസ്ലാമിന്റെ ന്യായപൂർത്തി ഭൂമിയിൽ വരുത്തുന്നതിനുവേണ്ടി മനുഷ്യരെ സത്യത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നതിന് നല്ല വ്യവസ്ഥിതി രൂപീകരിക്കുകയും ചെയ്യുക എന്നത് എന്റെ ആഗ്രഹമാണ്. പക്ഷേ, ഈ ദുർബലവും ചെറുതുമായ ജമാഅത്തിന്റെ അവസ്ഥയിൽ ഇപ്പോൾ ഈ തീരുമാനം പൂർണമായ നിലയിൽ നടപ്പിലാക്കുക സാധ്യമല്ല." (നിശാനെ ആസ്മാനീ റൂഹാനീ ഖസായിൻ വാള്യം4)

ഇപ്രകാരംതന്നെ മറ്റൊരിടത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഈ വശത്തൂടെ നോക്കുകയാണെങ്കിൽ, വഖ്ഫെജദീദ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ആഗ്രഹം പൂർത്തീകരിക്കുക

എന്ന ഉദ്ദേശ്യത്തോടെ തുടങ്ങിയതാണെന്നും പറയാവുന്നതാണ്. ആശകളും ആഗ്രഹങ്ങളും അല്ലാഹുവിന്റെ ഇംഗിതമനുസരിച്ചും അതിസൂക്ഷ്മമായ യുക്തിജ്ഞാനത്തിൽ അധിഷ്ഠിതവുമാകുന്നു.

അതുകൊണ്ട് ഒരുഭാഗത്ത് ഈ ആഗ്രഹം 80 വർഷം മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മനസ്സിൽ ഉണ്ടാകുകയും, മറുഭാഗത്ത് നമ്മുടെ കൺമുമ്പിൽ ആ അവസ്ഥകൾ വരികയും ചെയ്യൽ- അത് വളരെ ശക്തമായി വഖ്ഫെജദീദ് വ്യവസ്ഥിതിയെ ആഗ്രഹിക്കുകയായിരുന്നു- ഈ പദ്ധതിയുടെ പശ്ചാത്തലമുണ്ടാക്കുന്നു.” (സവാനെഹെ ഫള്ലെ ഉമർ, വാള്യം 3, പേജ് 349)

## വഖ്ഫെ ജദീദ്-
## ഹ്രസ്വമായ പരിചയപ്പെടുത്തൽ

1957 ഡിസംബർ 27ന് ജൽസ സാലാനയുടെ അവസരത്തിൽ ഹദ്റത്ത് അൽമുസ്‌ലിഹ് മൗഊദ്(റ) ആണ് വഖ്ഫെജദീദിന് തുടക്കം കുറിച്ചത്. പ്രാരംഭകാല അംഗങ്ങൾ നിയമിക്കപ്പെട്ടതിൽ ഈ സാധുവിന്റെ പേരിനു പുറമെ ഹദ്റത്ത് ശേയ്ഖ് മുഹമ്മദ് അഹ്മദ് മള്ഹറിന്റെ പേരും ഉണ്ടായിരുന്നു.

വഖ്ഫെ ജദീദിന്റെ അംഗമെന്ന നിലയിൽ ഒന്നാമത്തെ പേര് എന്റേതായിരുന്നു. അതായത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എന്റെ പേര് ഒന്നാമതായി വെച്ചു. പിന്നീട് ഹദ്റത്ത് ശേയ്ഖ് മുഹമ്മദ് അഹ്മദ് സാഹിബ് മള്ഹറിന്റെ പേര് രണ്ടാം സ്ഥാനത്താണെന്ന് തോന്നുന്നു. പക്ഷേ, വഖ്ഫെ ജദീദിന്റെ മജ്‌ലിസിന്റെ സ്വദാറത്തിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ മരണംവരെ ആ സ്ഥാനത്ത് ഹദ്റത്ത് ശേയ്ഖ് മുഹമ്മദ് അഹ്മദ് സാഹിബ് മള്ഹർ ആയിരുന്നു. ഹദ്റത്ത് മൗലാനാ അബുൽ മുനീർ നൂറുൽ ഹഖ് സാഹിബിന്റെ പേരുമുണ്ടായിരുന്നു. ഹദ്റത്ത് മലിക് സയ്ഫുർറഹ്മാൻ സാഹിബിന്റെ പേരുമുണ്ടായിരുന്നു. ഒന്നു രണ്ടു മറ്റു പേരുകളുമുണ്ടായിരുന്നു. മൊത്തം ഏഴ് അംഗങ്ങളായിരുന്നു. അവർ മുഖേനയാണ് ഈ പദ്ധതി ആരംഭിച്ചത്. എനിക്ക് ഓർമയുണ്ട് ആ വർഷത്തെ പ്രാരംഭകാല വാഗ്ദാനം എഴുപതിനായിരമോ, എഴുപത്തിരണ്ടായിരമോ രൂപയായിരുന്നു. പിന്നീട് അല്ലാഹു അതു വർദ്ധിപ്പിക്കാൻ തുടങ്ങി. ഇന്നുവരെ അതെത്തിയെത്തി തികച്ചും മുഖച്ഛായ മാറിക്കഴിഞ്ഞു.

അഹ്മദീ കുട്ടികളുടെ മനസ്സുകളിൽ ഈ പദ്ധതിയോടു കുട്ടി

ക്കാലം മുതലെ സ്നേഹമുണ്ടാക്കുന്നതിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഫ്(റഹ്) 1966ൽ വഖ്ഫെജദീദിന്റെ ദഫ്തറെ അത്ഫാലിന് തുടക്കം കുറിച്ചു. ആദ്യം ഈ പദ്ധതി പാക്കിസ്ഥാനിലും ഇന്ത്യയിലും പരിമിതമായിരുന്നു. പിന്നീട് ഞാൻ 1985 ഡിസംബർ 25ന് ഈ പദ്ധതി മുഴുലോകത്തും വ്യാപിപ്പിച്ചു. ഇപ്പോൾ ലോകത്തിലെ 110-ലധികം രാജ്യങ്ങളിൽ ഈ പദ്ധതി നടപ്പിൽ വന്നുകഴിഞ്ഞു. പ്രാരംഭകാല തുകകൾ ആയിരങ്ങളിലായിരുന്നുവെങ്കിൽ ഇപ്പോൾ ലക്ഷങ്ങളും ലക്ഷങ്ങളിൽനിന്ന് കോടികളും ആയിക്കഴിഞ്ഞു. ആദ്യം വഖ്ഫെജദീദിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ജനവിഭാഗങ്ങൾ ഇപ്പോൾ ഈ ത്യാഗങ്ങളിൽ ചേർന്നുകഴിഞ്ഞു. അതായത് യൂറോപിലേയും മറ്റു പാശ്ചാത്യരാജ്യങ്ങളിലേയും ജനങ്ങൾ; അമേരിക്ക, കാനഡ തുടങ്ങിയ രാജ്യങ്ങളിലെ ജനവിഭാഗങ്ങൾ. (ഖുത്ബാത്തെ വഖ്ഫെജദീദ്, പേജ് 435, 507)

## വഖ്ഫെ ജദീദിന്റെ പ്രാധാന്യവുംഅനുഗ്രഹങ്ങളും

**മഹാത്മാക്കളായ ഖലീഫമാരുടെ മാർഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ.**

*എനിക്കെന്റെ വീടു വില്ക്കേണ്ടിവന്നാലും*
*വസ്ത്രങ്ങൾ വില്ക്കേണ്ടിവന്നാലും*
*ഞാൻ ഈ നിർബന്ധകടമ നിറവേറ്റുകതന്നെ ചെയ്യും.*

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പറയുന്നു. 'ഈ ജോലി അല്ലാഹുവിന്റേതാണ്. അത് പൂർത്തിയാകുകതന്നെ ചെയ്യും. എന്റെ മനസ്സിലാണ് അല്ലാഹു ഈ പദ്ധതി ഇട്ടത്. അതുകൊണ്ട് എനിക്കെന്റെ വീടുവില്ക്കേണ്ടിവന്നാലും വസ്ത്രങ്ങൾ വില്ക്കേണ്ടിവന്നാലും ഞാൻ ഈ നിർബന്ധകടമ നിറവേറ്റുകതന്നെ ചെയ്യും. ജമാഅത്തിലെ ഒരാൾപോലും എന്നോടൊപ്പമില്ലെങ്കിലും, എന്നോടൊപ്പമില്ലാത്തവരെ അല്ലാഹു വേർപ്പെടുത്തുന്നതാണ്- എന്റെ സഹായത്തിനായി മലക്കുകൾ ആകാശത്തുനിന്നിറങ്ങുന്നതാണ്. അതിനാൽ ന്യായപൂർത്തീകരണത്തിനുവേണ്ടി ഞാൻ ഒരിക്കൽക്കൂടി വിളംബരം ചെയ്യുകയാണ്: ധനസഹായത്തിലേക്ക് ആളുകുടെ ശ്രദ്ധയുണ്ടാകുന്നതിനുവേണ്ടി!"(1957 ജനുവരി 5ന് പുറപ്പെടുവിച്ച സന്ദേശം, ഖുത്ബാത്തെ വഖ്ഫെജദീദ്, പേജ് 3)

ഹദ്റത്ത് അൽമുസ്ലിഹുൽ മൗഊദ്(റ) വഖ്ഫെ ജദീദിന്റെ

അഞ്ചാമത്തെ വർഷം തുടങ്ങുന്ന അവസരത്തിൽ ആത്മോജ്ജ്വലമായ സന്ദേശം നല്കിക്കൊണ്ടുപറഞ്ഞു:

'ഈ പദ്ധതി (വഖ്ഫെജദീദ്) എത്രത്തോളം ശക്തമാകുന്നുവോ അത്രത്തോളം അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടേയും തഹ്രീക്കെജദീദിന്റേയും ചന്ദകളിലും വർദ്ധനവുണ്ടാകുന്നതാണ്." (1964 ജനുവരി 3 ഖുത്ബാത്തെ വഖ്ഫെജദീദ്, പേജ് 61)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറയുന്നു:

'അതുകൊണ്ട് മുന്നോട്ടുകുതിക്കുകയും വഖ്ഫെ ജദീദിന്റെ നവവത്സര വാഗ്ദാനം സജീവമായി സമർപിക്കുകയും ചെയ്യുക. ഇതുവരെ ഈ ധനപരമായ ജിഹാദിൽ ചേർന്നിട്ടില്ലാത്ത സ്നേഹിതന്മാരും, വഖ്ഫെജദീദിനെക്കുറിച്ച് ഹദ്റത്ത് അൽമുസ്ലിഹുൽ മൗഊദ്(റ)ന്റെ 'എനിക്കെന്റെ വീടു വില്ക്കേണ്ടിവന്നാലും ഞാൻ ഈ ഉദ്ദേശ്യം നിറവേറ്റും എന്ന നിർദ്ദേശം മുമ്പിൽ വെക്കുക." (ഖുത്ബാത്തെ വഖ്ഫെജദീദ്, പേജ് 102, 103)

*ആകാശത്തിന്റെ ശബ്ദം കേൾക്കുവിൻ!*
*വഖ്ഫെ ജദീദിനെ ശക്തിപ്പെടുത്തുവിൻ!*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'വഖ്ഫെജദീദിനെ ശക്തിപ്പെടുത്തേണ്ടത് നിർബന്ധമാണെന്ന് ഞാൻ നിങ്ങളോട് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, ഇപ്പോൾ പ്രവർത്തനം വിപുലമായതോടെ ഇതിന്റെ പ്രാധാന്യം വീണ്ടും കൂടിയിരിക്കുകയാണ്. അതിനാൽ അല്ലാഹു നിങ്ങൾക്ക് ധനത്തിൽ അഭിവൃദ്ധി നല്കിയിട്ടുള്ളതനുസരിച്ച് നിങ്ങൾ ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും മനസ്സു തുറന്ന് ചന്ദ നല്കേണ്ടതാണ്. കാലത്തിന്റെ ശബ്ദം കേൾക്കാൻ അല്ലാഹു നിങ്ങൾക്കു തൗഫീഖ് നല്കുമാറാകട്ടെ. ആകാശത്തിന്റെ ശബ്ദം കേൾക്കാൻ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ നിങ്ങൾക്ക് കീർത്തി ലഭിക്കാൻ ആകാശത്തിന്റെ ശബ്ദവും ഭൂമിയുടെ ശബ്ദവും കേൾക്കാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ." (അൽഫള്ൽ 1959 ഡിസംബർ 31, ജമാഅത്ത് അഹ്മദിയ്യാക തആറുഫ്, പേജ് 454, ഇന്റർനെറ്റ് പതിപ്പ്)

## വഖ്ഫെ ജദീദിൽ പങ്കാളിയാവുക

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്) പറയുന്നു:

'ഇമാമിന്റെ ജോലി പദ്ധതികൾ ജമാഅത്തിന്റെ മുമ്പിൽ വെക്കുക

എന്നതാണ്. ആ പദ്ധതികൾ നടപ്പിൽ വരുത്തേണ്ട ജോലി ജമാഅത്തിന്റേതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)ന്റെ ബുദ്ധി എപ്പോഴും ചിന്തിച്ചുകൊണ്ടേയിരിക്കുമായിരുന്നു. ഹുദൂർ പ്രവർത്തനം നല്ലനിലയിൽ നടപ്പിൽ വരുത്തുന്നതിനും അത് മുന്നോട്ടുകൊണ്ടുപോകുന്നതിനുംവേണ്ടി പുതിയ പുതിയ ചിന്തകൾ ജമാഅത്തിന്റെ മുന്നിൽ വെച്ചു. അത് നടപ്പിൽവരുത്തുന്നതിനുവേണ്ടി ജമാഅത്തിനെ തയ്യാറാക്കി. തഅ്ലീമിന്റേയും തർബിയ്യത്തിന്റേയും പ്രചാരണത്തിന്റേയും കടമകൾ ജമാഅത്ത് പൂർണമായ നിലയിൽ നിറവേറ്റുന്നില്ല എന്നു കണ്ടപ്പോൾ അദ്ദേഹം 'ഞാൻ മറച്ചുവെക്കുകയാണെങ്കിൽ അല്ലാഹുവും മറച്ചുവെക്കുന്നതാണ്' എന്ന വിചാരത്തോടെ ജമാഅത്തിനെ അതിന്റെ അശ്രദ്ധയിൽ മുന്നറിയിപ്പ് നല്കുന്നതിനുപകരം 'വഖ്ഫെജദീദ്" എന്ന പേരിൽ ഒരു പുതിയ പദ്ധതി തുടങ്ങി. ഇതിന് വളരെ നല്ല ഫലങ്ങളുണ്ടായി." (1965ലെ ജൽസാ സാലാന പ്രഭാഷണം. ഖുത്ബാത്തെ വഖ്ഫെ ജദീദ്, പേജ് 75)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറയുന്നു:

നമ്മുടെ ജമാഅത്തിൽ തുടരുന്ന എത്ര പദ്ധതികളുണ്ടെങ്കിലും, അതിന്റെ എല്ലാം ഉദ്ദേശ്യം അല്ലാഹുവിനെ കുറിച്ചുള്ള തിരിച്ചറിവ് കരസ്ഥമാക്കുകയും നബി(സ) തിരുമേനിയുടെ മഹത്ത്വം ലോകത്തു സ്ഥാപിക്കുകയുമാണ്. ആ പദ്ധതികളിൽ ഒന്ന് വഖ്ഫെജദീദുമാണ്." (അൽഫള്ൽ 1978 ജനുവരി 14 ഖുത്ബാത്തെ വഖ്ഫെജദീദ്, പേജ് 184)

## വഖ്ഫെ ജദീദ് പദ്ധതി സജീവമാക്കുക

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രതീക്ഷകൾ ഇന്ന് നിങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷകൾ നിങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹുർറാബിഅ്(റഹ്) ഖിലാഫത്ത് സ്ഥാനത്ത് അവരോധിതനാകുന്നതിനുമുമ്പേ 1960 റബ്വയിൽ നടന്ന ജൽസസാലാനയിൽ പറഞ്ഞു:

'അതിനാൽ ഞാൻ വീണ്ടും നിങ്ങളോടു ഒരിക്കൽക്കൂടി പറയുകയാണ്. വഖ്ഫെ ജദീദിനെ സജീവമാക്കുക. അതിനെ സജീവമാക്കുക. അതിന്റെ ഞരമ്പുകളിൽ നിങ്ങളുടെ ത്യാഗങ്ങളുടെ രക്തം നിറയ്ക്കുക; ഇസ്ലാമിന്റെ ഞരമ്പുകളിൽ പുതിയതും സജീവമാ

യതും ആഗ്രഹങ്ങളെക്കൊണ്ടു നിറഞ്ഞതുമായ രക്തം ചംക്രമണം ചെയ്യുന്നതിനുവേണ്ടി.

'ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രതീക്ഷകൾ ഇന്ന് നിങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷകൾ ഇന്ന് നിങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങൾ മുഖേനയായിരിക്കും ഇന്ന് ഇസ്‌ലാം സജീവമാകുന്നത്. നിങ്ങൾക്കു പുറമെ എല്ലാം കൂരിരുട്ടാണ്. നിങ്ങളുടെമേൽ ഇരുട്ടുകളുടെ നിഴൽ വീഴാൻ അനുവദിക്കരുത്. സജീവമാകുക, ജാഗരൂകരാകുക, ഈ പദ്ധതിയേയും സജീവമാക്കുക. ഈ പദ്ധതിയുടെ ഞരമ്പുകളെ നിങ്ങളുടെ ത്യാഗങ്ങളുടെ രക്തംകൊണ്ട് നിറയ്ക്കുക; ഇസ്‌ലാമിന്റെ ഞരമ്പുകളിൽ പുതിയതും സജീവമായതും ആഗ്രഹങ്ങളാൽ നിറഞ്ഞതുമായ രക്തം ചംക്രമണം ചെയ്യുന്നതിനുവേണ്ടി." (1960ലെ ജൽസാ സാലാന പ്രഭാഷണം, വഖ്ഫെജദീദിന്റെ പ്രാധാന്യം, ഖുത്ബാത്തെ ത്വാഹിർ ഖിലാഫത്തിനു മുമ്പേ ചെയ്തത്, പേജ് 15)

## ഈ ജനതയെ ആർക്കും തരംതാഴ്ത്താൻ സാധിക്കുകയില്ല

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് നവഅഹ്മദികളെ ധനത്യാഗത്തിൽ ചേർക്കുക എന്ന ഉദ്ദേശ്യത്തോടെ പറയുന്നു: 'ഞാൻ നവഅഹ്മദികളോടും പറയാനാഗ്രഹിക്കുകയാണ്, നവഅഹ്മദികളെ സംരക്ഷിക്കുന്നവരോടും പറയാനാഗ്രഹിക്കുകയാണ്. നവഅഹ്മദികൾക്ക് ജമാഅത്തിനോടുള്ള ബന്ധത്തിൽ ശക്തിയുണ്ടാകുന്നത് അവർ ധനത്യാഗത്തിൽ പങ്കുചേരുമ്പോഴാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുള്ള നവഅഹ്മദികൾ, ജമാഅത്തിനോടുള്ള ബന്ധത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹത്തിലും ആത്മാർത്ഥതയിലും നബി(സ) തിരുമേനിയോടുള്ള അനുരക്തിയിലും അലിഞ്ഞുചേരാനുള്ള ഘട്ടങ്ങൾ ഓടിക്കൊണ്ട് തരണം ചെയ്യുകയാണ്. ചില നവഅഹ്മദികൾ ത്യാഗങ്ങളിൽ ഒന്നാം നിരയിൽ ഉൾപ്പെട്ടതിനുശേഷവും എഴുതുന്നു: 'ഈ ത്യാഗം ഞങ്ങൾ ചെയ്തിരിക്കുന്നു. പക്ഷേ, ഖേദമുണ്ട്, ഒന്നും ചെയ്യാൻ കഴിയാത്തതിൽ!' അതിനാൽ ഇത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കുകയും നല്കിക്കൊണ്ടിരിക്കുകയും

ചെയ്യുന്ന പവിഴങ്ങളും മുത്തുകളുമാണ്. അവരുടെ ദുഃഖം ഭൗതിക ആഗ്രഹങ്ങൾക്കുവേണ്ടിയല്ല. മറിച്ച് ത്യാഗങ്ങളിൽ വർദ്ധിക്കാനാണ്. ഏതൊരു ജനതയുടെ ദുഃഖങ്ങൾ ഈ മുഖം സ്വീകരിക്കുന്നുവോ ആ ജനതയെ ആർക്കും തരംതാഴ്ത്തി കാണിക്കാൻ പറ്റുകയില്ല; അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ കൂടെയുള്ളപ്പോൾ പ്രത്യേകിച്ചും. ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവരോടൊപ്പവും ഉണ്ടെന്ന് അല്ലാഹു വിളംബരം ചെയ്യുമ്പോൾ പ്രത്യേകിച്ചും!' (ഖുത്ബ, ജുമുഅ, 4.1.2008)

# നമ്മൾ എത്ര സൗഭാഗ്യരാണ്

'അല്ലാഹുവിനെ കിട്ടുന്നവഴി തെളിച്ചുകാണിക്കുന്ന ഇമാമിനെ കിട്ടിയിട്ടുള്ള നമ്മൾ എത്ര സൗഭാഗ്യരാണ്! നബി(സ) തിരുമേനിയുടെ ദാസരുടെ യഥാർത്ഥമായ ചൈതന്യം നമ്മളിൽ സൃഷ്ടിച്ചു. വിശുദ്ധഖുർആന്റെ മനോഹരമായ അധ്യാപനങ്ങളുടെ തിരിച്ചറിവും ഗ്രാഹ്യവും നമ്മളിൽ ഉണ്ടാക്കി. അതിലൂടെ നടന്ന് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്ന വഴി നമുക്കു പറഞ്ഞു തന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന്റെ പ്രാധാന്യം നമുക്ക് വ്യക്തമാക്കിത്തന്നു; അല്ലാഹുവിന്റെ സന്ദേശം ലോകത്തെ ഓരോ വ്യക്തിയ്ക്കും എത്തിച്ചുകൊടുക്കുക എന്ന ജോലി നല്ല വണ്ണം നടക്കുന്നതിനുവേണ്ടി! ജമാഅത്തിലെ ഓരോ വ്യക്തിയും അത് നല്ലവണ്ണം നിറവേറ്റുന്നതിനുവേണ്ടി! ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ഖലീഫമാരും ഇക്കാര്യത്തെക്കുറിച്ച് ജമാഅത്തിനോട് പറഞ്ഞുകൊണ്ടിരുന്നു. പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. കാരണം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി, ആരാധനകളോടൊപ്പം എല്ലാതരം ത്യാഗങ്ങളും ചെയ്യണമെന്നും പറഞ്ഞിട്ടുണ്ട്. ധനത്യാഗങ്ങളും അവയിൽ ഒന്നാണ്."
(ഖുത്ബ ജുമുഅ, 04-01-2008).

# FRIDAY SERMON

DELIVERED BY

## HADHRAT
## KHALIFATUL MASIH V (atba)

at Masjid Baitul Futuh, London

**On 09/01/2015**

Translation in Malayalam

Printed at Fazle Umar Printing Press, Qadian

**Published By**

**Nazamat Mal**

**Waqf e Jadeed Anjuman Ahmadiyya**

**Qadian Pin 143516, Distt. Gurdaspur, Punjab**